നവവത്സര ആശംസകൾ...

● വാർഷിക വരിസംഖ്യ: ₹60

# മലബാർ വിഷൻ 2026

താമരശ്ശേരി രൂപതാ മുഖപത്രം

● 2026 ● ജനുവരി-ഫെബ്രുവരി ● പുസ്തകം: 09 ● ലക്കം: 01 ● RNI Regn No: KERMAL/2017/73545

# വിലങ്ങാട് ചേർത്തുനിർത്തിയ സ്നേഹമാതൃക

**വേദനിക്കുന്നവരെ ചേർത്തു നിർത്തുവാനുള്ള സഭയുടെ കരുതലും തീക്ഷ്ണതയുമാണ് വിലങ്ങാടിന്റെ ദുരന്തമുഖത്ത് താമരശ്ശേരി രൂപത പ്രകടമാക്കിയത്**

## കവർ സ്റ്റോറി



**മോൺ. അബ്രഹാം വയലിൽ**
(വികാരി ജനറൽ, താമരശ്ശേരി രൂപത)

## ഹാപ്പിയാണ്, പക്ഷേ...

**വലിയൊരു ദുരന്തത്തെ ഒറ്റക്കെട്ടായി അതിജീവിച്ചവരാണ് വിലങ്ങാട്ടുകാർ. ഇനി ഈ നാടിന് വേണ്ടത് വികസനമാണ്. വിലങ്ങാടിന്റെ ആവശ്യങ്ങളും ആവലാതികളും നാട്ടുകാർ പങ്കുവയ്ക്കുന്നു. ഒപ്പം ആ ദുരന്ത ദിവസത്തിന്റെ ഓർമ്മകളും അതിജീവന ഗാഥയും**

പേജ് 4 – 7 ▸



പ്രകൃതി ദുരന്തത്തിൽ തകർന്നടിഞ്ഞ വിലങ്ങാടിന്റെ പുനരധിവാസ കഥ മനുഷ്യഹൃദയങ്ങൾ ചേർന്ന് എഴുതിയതാണ്. വേദനിക്കുന്നവന്റെ കണ്ണീരൊപ്പാൻ ഓടിയെത്തുന്ന മനുഷ്യസ്നേഹികളുടെ യഥാർഥ മുഖം വിലങ്ങാട് പ്രദേശവാസികൾ കണ്ടറിഞ്ഞു.

പുനരധിവാസ പ്രവർത്തനങ്ങൾക്ക് കരുതലും സ്നേഹവും ചേർത്ത് ശക്തമായ പിന്തുണ നൽകിയ താമരശ്ശേരി രൂപതയിലെ എല്ലാ ഇടവകകളും ദുരിതത്തിൽ തകർന്ന കുടുംബങ്ങൾക്ക് പ്രത്യാശയുടെ കൈത്താങ്ങായി മാറി എന്നത് വിസ്മരിക്കാനാവില്ല.

പുനരധിവാസ പദ്ധതിയുടെ ഭാഗമായി 70 വീടുകളാണ് നിർമിക്കുന്നത്. അതിൽ 35 വീടുകളുടെ നിർമ്മാണം പൂർത്തിയായി. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവൃത്തികൾ അതിവേഗം പുരോഗമിക്കുന്നു. വിലങ്ങാട്, ഇരിട്ടി, പേരാവൂർ, മുള്ളൻകുന്ന്, ചക്കിട്ടപ്പാറ, കുളത്തുവയൽ എന്നീ പ്രദേശങ്ങളിലായാണ് പുതിയ ഭവനങ്ങൾ. വിലങ്ങാട് ഫൊറോന വികാരി ഫാ. വിൽസൺ മുട്ടത്തുകുന്നേൽ, മഞ്ഞക്കുന്നു ഇടവക വികാരി ഫാ. ബോബി പൂവത്തിങ്കൽ എന്നിവർ സജീവ സാന്നിധ്യമായി കൂടെയുണ്ട് എന്നത് ആശ്വാസകരമാണെന്ന് നാട്ടുകാർ പറയുന്നു.

വിലങ്ങാട് ദുരന്ത ഭൂമിയിൽ പ്രത്യാശയുടെ നൂറു മേനി വിളവ് നൽകിയ ആദ്യ വിത്തുവിതച്ചത് താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിലാണ്. ദുരിതത്തിൽ മുങ്ങിയ കുടുംബങ്ങളെ സ്വന്തം കുടുംബമായി കണ്ടു, 'ഒരു കുടുംബവും വീടില്ലാതെ ബാക്കിയാകരുത്' എന്ന പിതാവിന്റെ സ്നേഹപൂർവമായ നിർബന്ധമാണ് പുനരധിവാസ പ്രവർത്തനങ്ങളെ പൂർണദിശയിലേക്ക് എത്തിച്ചത്. കരുതലും കരുത്തും ഒന്നു ചേർന്ന അദ്ദേഹത്തിന്റെ നേതൃത്വം വിലങ്ങാടിന്റെ പുനരധിവാസത്തിന് അടിത്തറപാകി. മനുഷ്യവേദനയും നിസ്സഹായതയും മനസ്സിലാക്കി ദീർഘവീക്ഷണത്തോടെയുള്ള അദ്ദേഹത്തിന്റെ ഇടപെടലുകൾ അനേകം കുടുംബങ്ങൾക്ക് പ്രതീക്ഷ പകർന്നു.

ഈ മഹത്തായ ദൗത്യത്തിന്റെ പിന്നിൽ അനവധി സ്നേഹഹസ്തങ്ങൾ ഉണ്ട്. കേരള സോഷ്യൽ സർവീസ് ഫോറം (കെ.എസ്.എസ്.എഫ്) ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ നൽകിയ പിന്തുണ എടുത്തു പറയേണ്ടതാണ്.

15 ലക്ഷം രൂപ വീതമാണ് വീടു നിർമാണത്തിനായി നൽകുന്നത്. ഇതിൽ 41 വീടുകളുടെ നിർമാണത്തിന് 10 ലക്ഷം രൂപ വീതം കെസിബിസിയിൽ നിന്ന് സഹായം ലഭിക്കും. 41 വീടുകൾക്ക് വേണ്ടി വരുന്ന ബാക്കി തുകയും 29 വീടുകൾക്ക് 15 ലക്ഷം രൂപാ വീതവും വിവിധ രൂപതകളുടെയും സന്യാസ സഭകളുടെയും ഇടവകകളുടെയും സംഘടനകളുടെയും വ്യക്തികളുടെയും സഹകരണത്തോടെ കണ്ടെത്തുന്നു.

ഭവനങ്ങളുടെ നിർമാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് താമരശ്ശേരി രൂപതയുടെ സാമൂഹിക സേവന വിഭാഗമായ സിഒഡിയാണ്. വിലങ്ങാട് പുനരധിവാസ ദൗത്യത്തിന് പിന്നിൽ നിലകൊണ്ട ശാന്തവും കരുത്തുറ്റതുമായ കൈത്താങ്ങായിരുന്നു സിഒഡി രൂപതാ ഡയറക്ടർ ഫാ. സായി പാറൻകുളങ്ങരയും ടീം അംഗങ്ങളും. 2026 ഫെബ്രുവരിയോടെ എല്ലാ വീടുകളുടെയും നിർമ്മാണം പൂർത്തിയാക്കി കൈമാറാൻ സാധിക്കുമെന്നാണ് കരുതുന്നത്.

വിലങ്ങാട് പുനരധിവാസ പദ്ധതി ഒരു നിർമാണ പദ്ധതിയല്ല മറിച്ച് മനുഷ്യരോട് മനുഷ്യൻ കാണിച്ച സഹാനുഭൂതിയുടെ നേർസാക്ഷ്യമാണ്. വീടും ജീവിതവും നഷ്ടപ്പെട്ടവർക്ക് വീണ്ടും 'എന്റെ വീട്' എന്ന് പറയാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കാനുള്ള കൂട്ടായ പ്രവർത്തനം വിശ്വാസികൾ കൈകൾ കോർത്തു പിടിച്ചപ്പോൾ ഉണ്ടാകുന്ന അത്ഭുതങ്ങളുടെ മറ്റൊരു ഉദാഹരണമാണ് വിലങ്ങാട് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

പേജ് മൂന്നിൽ തുടരുന്നു ▸



## എഡിറ്റോറിയൽ

● പുസ്തകം: 9 ● ലക്കം: 1

# ദുരന്തങ്ങൾ പഠിപ്പിക്കുന്നത്

ദുരന്തങ്ങൾ നിനച്ചിരിക്കാതെ സംഭവിക്കുന്നവയാണ്. നാശനഷ്ടങ്ങൾ മാത്രമല്ല മനുഷ്യ ഹൃദയങ്ങളിൽ അന്തർലീനമായ പരസ്നേഹത്തിന്റെ പ്രകാശനങ്ങൾക്കു കൂടി പ്രകൃതിക്ഷോഭങ്ങളും ദുരന്തങ്ങളും കാരണമാകാറുണ്ട്. കേരളത്തിൽ അടുത്തിടെ ഉണ്ടായ പ്രളയങ്ങളിലും ഉരുൾപൊട്ടലുകളിലുമെല്ലാം നാം അതു കണ്ടതാണ്. വർഷങ്ങളോളം വിയർപ്പൊഴുക്കി സ്വരുക്കൂട്ടിയവ ഒറ്റരാത്രികൊണ്ട് നഷ്ടപ്പെട്ടവർക്ക് കരുതലിന്റെ കരമേകി നാട് ഒപ്പം നിന്നു. ദുരിതം മനുഷ്യനെ തകർക്കുന്നുവെങ്കിലും, പരസ്പരം കൈകോർക്കുന്ന മനുഷ്യ സ്നേഹത്തിന്റെ ഗാഥകളായി പലപ്പോഴും അവ മാറുന്നു.

അയൽക്കാരനിൽ ക്രിസ്തുവിനെ കണ്ട്, അപരന്റെ ദുരിതങ്ങളിൽ ആശ്വാസം നൽകുകയെന്നതാണ് ക്രിസ്തീയ വിശ്വാസത്തിന്റെ ആണിക്കല്ല്. ഉരുൾപൊട്ടൽ ദുരന്തത്തിൽ ഒരു നാട് ഒന്നാകെ വിറങ്ങലിച്ചു നിന്നപ്പോൾ സ്വന്തം ജീവൻ തൃണവൽഗണിച്ച് രക്ഷാപ്രവർത്തനത്തിനായി ഇറങ്ങിയവരും പള്ളികളിലും പാരിഷ് ഹാളുകളിലും സ്കൂളുകളിലുമെല്ലാം ആരംഭിച്ച ക്യാമ്പുകളിൽ വേണ്ട സജ്ജീകരണങ്ങൾ ചെയ്തവരും സമ്പത്തും സമയവും നൽകി ഒപ്പം നിന്നവരുമെല്ലാം ക്രിസ്തുവിന്റെ കരുണയുടെ മുഖമായി മാറി.

ക്രിസ്തീയ ദർശനത്തിൽ ദുരന്തങ്ങൾ ഒരിക്കലും ദൈവശിക്ഷയല്ല. അത് സ്വയം പുതുക്കാനുള്ള ക്ഷണമാണ്. നമ്മിൽ ഒളിഞ്ഞിരിക്കുന്ന കരുണയെ ഉണർത്താനും, പരസ്പര ആശ്രയത്വം വർദ്ധിപ്പിക്കാനും, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ശക്തമാക്കാനും ഈ സംഭവങ്ങൾ നമുക്ക് പ്രേരണയാണ്. വിലങ്ങാട്ടിലും വയനാട്ടിലുമൊക്കെ ഉരുൾപൊട്ടലുണ്ടായപ്പോൾ അത് ആ നാടിന്റെ മാത്രം വേദനയായി ഒതുങ്ങിയില്ല. അത് ഒരു രാഷ്ട്രത്തിന്റെ ഹൃദയത്തിൽ പതിഞ്ഞ വേദനയായി. അതിനാലാണ് രാജ്യത്തിന്റെ പല കോണിൽ നിന്നുമുള്ള സഹായങ്ങൾ അതിവേഗത്തിൽ ദുരിതബാധിതരിലേക്ക് എത്തിയത്. താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ ഭാരത കത്തോലിക്കാ സഭയും പ്രത്യേകിച്ച് കേരള കത്തോലിക്കാ സഭയും സഭയുടെ സാമൂഹിക സേവന വിഭാഗങ്ങളും വിവിധ സന്യസ്ത സഭകളും സന്നദ്ധ സംഘടനകളും ദുരന്തമുഖത്ത് കൈകോർത്തപ്പോൾ സന്തോഷത്തിന്റെയും പ്രതീക്ഷയുടെയും പുത്തൻ പുലരി ഉദിച്ചു. കരുതലോടെ, കരുത്തോടെ സമൂഹ നന്മയ്ക്കായ് നമുക്ക് കൈകോർക്കാം.

പുതുവർഷത്തിൽ കൂടുതൽ കരുണയുള്ളവരാകാനും ഒപ്പമുള്ളവരെ ചേർത്തുപിടിക്കാനും ആവശ്യങ്ങളിൽ താങ്ങാകാനും അങ്ങനെ ക്രിസ്തുവിന്റെ കരുണയുടെ മുഖമാകാനും നമുക്ക് കഴിയട്ടെ.

# ദൈവം കൂടെയുള്ള ജനം

## ഇടയശബ്ദം



മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

2024 ജൂലൈ 29-ന് അർദ്ധരാത്രിയോടെ വിലങ്ങാട് പ്രദേശവാസികളെ ദുരിതത്തിലാക്കിയ മഹാദുരന്തത്തിന്റെ വേദനിപ്പിക്കുന്ന ഓർമ്മകൾ ഇന്നും നമ്മുടെ മനസ്സുകളിൽ തങ്ങിനിൽക്കുന്നു. വയനാട് ദുരന്തത്തിന് സമാനമായ ഈ പ്രകൃതി ദുരന്തം ആദ്യഘട്ടത്തിൽ ഭരണനേതൃത്വത്തിന്റെ ശ്രദ്ധയാകർഷിക്കപ്പെടാതെ പോയത് പ്രദേശവാസികളെ വേദനിപ്പിച്ചു. എന്നാൽ സഭയുടെയും പൊതുസമൂഹത്തിന്റെയും പെട്ടെന്നുള്ള ഇടപെടലുകളും ദുരിദാശ്വാസപ്രവർത്തനങ്ങളുമെല്ലാം വിലങ്ങാട്, മഞ്ഞക്കുന്ന് പ്രദേശവാസികൾക്ക് വലിയ ആശ്വാസമായി. വിലങ്ങാട്, മഞ്ഞക്കുന്ന് ഇടവകാസമൂഹത്തിന്റെയും താമരശ്ശേരി രൂപതയുടെയും വിവിധ സന്നദ്ധസംഘടനകളുടെയും ഇടപെടൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് വേഗം കൂട്ടി.

ഭയാനകമായ ഈ പ്രകൃതി ദുരന്തം പ്രദേശവാസികളെ മാനസികമായി വല്ലാതെ തളർത്തി. തങ്ങളുടെ സ്വപ്നങ്ങളെല്ലാം ഒറ്റ നിമിഷം കൊണ്ട് തകർന്നടിഞ്ഞതിന്റെ ദുഃഖം അവരുടെ ഉള്ളിൽ തീരാനോവായി ഇന്നും അവശേഷിക്കുന്നു.

എല്ലാം അവസാനിച്ചു എന്നു കരുതി നിരാശയോടെ നിന്ന ജനത്തെ വീണ്ടും പുതുജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാൻ നമ്മുടെ കൂട്ടായ പ്രവർത്തനങ്ങൾ സഹായിച്ചു. ഒറ്റക്കെട്ടായി, ഒരുമനസ്സോടെ ദൈവകരം പിടിച്ച് മുന്നേറിയാൽ നഷ്ടപ്പെട്ടതെല്ലാം പടുത്തുയർത്താനാകും എന്ന് ചുരുങ്ങിയ നാളുകൾകൊണ്ട് നാം തെളിയിച്ചുകഴിഞ്ഞു. ദുരിദാശ്വാസ പ്രവർത്തനങ്ങൾക്ക് ഒരു നാടാകെ ഒറ്റക്കെട്ടായി പ്രവർത്തിച്ചപ്പോൾ വിലങ്ങാടും സമീപപ്രദേശങ്ങളിലും താമസിക്കുന്നവർക്ക് സാധാരണ നിലയിലേക്ക് ജീവിതം മടക്കികൊണ്ടുവരാൻ കഴിഞ്ഞു.

താമരശ്ശേരി രൂപതയിലെ ദൈവജനത്തിന്റെ വലിയ പിന്തുണ വിലങ്ങാടിനുണ്ടായിരുന്നു. കൂടാതെ കേരള കത്തോലിക്കാ മെത്രാൻ സമിതി (കെസിബിസി) ഭാരതകത്തോലിക്കാ സഭയുടെ സമൂഹ്യസേവന വിഭാഗമായ കരിത്താസ് ഇന്ത്യ, വിവിധ സന്യാസ സമൂഹങ്ങൾ താമരശ്ശേരി രൂപതയിലെ വിവിധ സംഘടനകൾ, സ്ഥാപനങ്ങൾ, അഭ്യുതയകാംഷികൾ തുടങ്ങി എല്ലാവരും നൽകിയ സഹായങ്ങൾ വിലമതിക്കാനാവാത്തതാണ്. എല്ലാം നഷ്ടപ്പെട്ടു ഇനി എന്തുചെയ്യും എന്ന് ചിന്തിച്ചു നിരാശയായി നിന്ന വിലങ്ങാടുകാർക്ക്, ദുരന്ത ദുഃഖങ്ങളിൽ മിഴി നീരൊപ്പി പുതുജീവിതത്തിലേക്ക് കൈപിടിച്ച് നടത്താൻ തങ്ങൾക്കൊരു ദൈവമുണ്ടെന്ന് ബോധ്യപ്പെട്ട ദിനങ്ങളും വർഷവുമാണ് കഴിഞ്ഞുപോകുന്നത്.


കഷ്ടതയുടെ നടുവിലും കൈവിടാതെ കാത്തുപരിപാലിക്കുന്ന സജീവനായ ദൈവം കൂടെയുള്ള ജനമാണ് നാം എന്ന വലിയ ബോധ്യം ഒരിക്കൽക്കൂടി നമുക്ക് അരക്കിട്ടുറപ്പിക്കാം. കൂടെയായിരിക്കുന്ന ദൈവത്തിന്റെ കരംപിടിച്ച് മുന്നേറുമ്പോൾ ജീവിത വിജയം സുനിശ്ചിതമാണ്. മലബാർ കുടിയേറ്റ ചരിത്രം ഈ വലിയ സത്യം നമ്മെ പഠിപ്പിക്കുന്നുണ്ട്. തുടർന്നും വിലങ്ങാടിന്റെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി നമുക്ക് കാര്യക്ഷമമായി പ്രവർത്തിക്കാം. പാവങ്ങളോടും കഷ്ടതയനുഭവിക്കുന്നവരോടും നിങ്ങൾ കാണിക്കുന്ന സ്നേഹത്തിനും കരുതലിനും ദൈവം നിങ്ങൾക്ക് പ്രതിഫലം നൽകട്ടെ. സമൂഹത്തെ എന്നും ജീവസുറ്റതാക്കി മാറ്റാൻ കഴിയുന്ന നന്മയുടെയും കാരുണ്യത്തിന്റെയും വറ്റാത്ത ഉറവകളായി മാറാൻ നമുക്ക് കഴിയട്ടെ.

# നമുക്കായി ഓടിയ പാദങ്ങൾ

## അകം പുറം



കെ. എഫ്. ജോർജ്



കാൽപാദങ്ങളെ പ്രണമിക്കുന്ന രീതി പല നാടുകളിലുമുണ്ട്. മംഗള കർമ്മങ്ങൾക്കു മുമ്പ് ഗുരുക്കന്മാരുടെയും മാതാപിതാക്കളുടെയും കാലുകളിൽ വീണ് നമസ്കരിക്കുന്നു. ഗുരു-ശിഷ്യ ബന്ധത്തിന്റെയും മാതൃ-പിതൃ സ്നേഹത്തിന്റെയും ആഴവും കടപ്പാടും രേഖപ്പെടുത്തുന്ന അടയാളമായി അത് കരുതിപ്പോരുന്നു.

ഗുരുപാദങ്ങളെ പാദപത്മങ്ങൾ എന്നാണ് പുരാണങ്ങൾ വിശേഷിപ്പിക്കുന്നത്. ഗുരുവിന്റെ കാൽച്ചുവട്ടിൽ ഇരിക്കുകയും അവരെ കേൾക്കുകയും ചെയ്യുന്ന കഥകൾ അവിടെ വായിക്കാം. ഗുരുവചനങ്ങൾ ഗുരുമുഖത്തു നിന്ന് കേട്ടുവളർന്ന് ഭാവിയിൽ ഗുരുക്കന്മാരാകാനാണ് എല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നത്.

മാർത്ത ജീവിതവ്യഗ്രതയിൽ ഉഴറി നടന്നപ്പോൾ യേശുപാദങ്ങളിൽ ഇരിക്കാനാണ് സഹോദരി മറിയം ഇഷ്ടപ്പെട്ടത്. അവൾ കർത്താവിന്റെ വചനം കേട്ടുകൊണ്ട് അവന്റെ പാദത്തിങ്കലിരുന്നു. ശിഷ്യരുടെ പാദങ്ങൾ കഴുകിയാണ് യേശു സ്നേഹത്തിന്റെ പുത്തൻ പ്രമാണം അവരെ പഠിപ്പിക്കുന്നത്.

പാദുക പൂജയും ഭാരത സംസ്ക്കാരത്തിന്റെ പ്രത്യേകതയാണ്. രാമന്റെ മെതിയടികളെ നമസ്ക്കരിച്ചുകൊണ്ട് ഭരതൻ രാജ്യ ഭരണം നടത്തി. കേരളത്തിലെ ശാന്തിഗിരി ആശ്രമം സ്ഥാപകനായ കരുണാകര ഗുരുവിന്റെ ആശ്രമങ്ങളിലും ആയുർവേദ ആശുപത്രികളിലും ഗുരുവിന്റെ ചിത്രമല്ല, പാദുകമാണ് വണങ്ങുന്നത്. മാധ്യമങ്ങളിൽ തന്റെ ചിത്രം വരാൻ ഗുരു അനുവദിച്ചിരുന്നില്ല. 1997-ൽ പുറത്തിറങ്ങിയ 'ഗുരു' സിനിമയിലെ പ്രശ്തമായ 'ഗുരുചരണം ശരണം നാഥാ...' എന്ന ഗാനത്തിൽ മെതിയടി ധരിച്ച പാദങ്ങൾ ചിത്രീകരിച്ചിരിക്കുന്നു.

ചലച്ചിത്ര സംവിധായകൻ ഭരതനെ ചിതയിൽ വയ്ക്കുന്നതിനു മുമ്പ് മകൻ സിദ്ധാർത്ഥും ഭാര്യ കെപിഎസി ലളിതയും അദ്ദേഹത്തിന്റെ കാൽപാദങ്ങളുടെ രൂപം കളിമണ്ണിൽ പകർത്തിയെടുത്തതായി വായിച്ചിരുന്നു. തങ്ങൾക്കായി ഓടി നടന്നിരുന്ന ആ കാൽപാദങ്ങളോടുള്ള തീരാത്ത കടപ്പാടാണ് അതിൽ പ്രകടമായത്.

ചെരുപ്പ് സർവസാധാരണമല്ലാതിരുന്ന കാലത്ത് ഒരാളുടെ ജീവിത യാത്രയുടെ ക്ലേശവും കാഠിന്യവും അയാളുടെ ഉള്ളം കാലുകളിൽ താനേ രേഖപ്പെടുത്തപ്പെട്ടിരുന്നു. തനിക്കുവേണ്ടിയും കുടുംബത്തിനു വേണ്ടിയും നടന്നു നടന്നു തഴമ്പുവീണ് തടിച്ചതും അവിടവിടെ വിണ്ടു കീറിയതുമായ ഉള്ളംകാലുകളുമായി അവർ മരണശേഷം സംസ്കാര ചടങ്ങിനെത്തുന്നവരുടെ മുമ്പിൽ ശവപ്പെട്ടികളിൽ അന്ത്യയാത്രയ്ക്കായി ശാന്തമായി കിടന്നു. കാലിലെ ക്ഷതങ്ങളുടെ അടയാളങ്ങൾ അവരുടെ അധ്വാനത്തിന്റെ കാഠിന്യം വെളിവാക്കി.

അടുത്തകാലത്ത് മൃതദേഹത്തിന്റെ കാലുകളിൽ സോക്സും ഷൂസും അണിയിക്കുന്ന സമ്പ്രദായം വന്നതോടെ ആ ദൃശ്യങ്ങൾ മറയ്ക്കപ്പെട്ടു. ഇന്ന് വീട്ടിനുള്ളിലും പാദുകങ്ങൾ ധരിക്കുന്നു. മാത്രമല്ല, കാലിലെ ചർമ്മം മൃദുവാക്കുന്നതും സൗന്ദര്യം കൂട്ടുന്നതുമായ 'പെഡിക്യൂർ' പോലെയുള്ള പാദസംരക്ഷണ സമ്പ്രദായങ്ങളും പതിവായിക്കഴിഞ്ഞു.

എങ്കിലും ഇന്നും മക്കൾക്കായുള്ള മാതാപിതാക്കളുടെ ഓട്ടത്തിനും അലച്ചിലിനും കുറവുണ്ടായിട്ടില്ലെന്നു മാത്രമല്ല കൂടിയിട്ടേയുള്ളു. ആധുനിക ജീവിത സൗകര്യങ്ങളുടെയും സാങ്കേതിക വെള്ളി വെളിച്ചങ്ങളുടെയും സോക്സുകൾ അവയെ മൂടുന്നതിനാൽ പലപ്പോഴും ക്ലേശങ്ങളുടെ കാഠിന്യം അറിയാൻ ബാധ്യതപ്പെട്ടവർ അത് മനസ്സിലാക്കാതെ പോകുന്നു.

വ്യക്തിസ്വാതന്ത്ര്യം പരിധികളില്ലാതെ വളർന്നുകൊണ്ടിരിക്കുകയും അവനവന്റെ ഇഷ്ടങ്ങളിലേക്ക് ചുരുങ്ങുകയും ചെയ്യുന്ന വർത്തമാനകാലത്ത് ഇതിനു പ്രാപ്തരാക്കാൻ പാടുപെട്ടവരെ പരിഗണിക്കാൻ സമയമില്ലാതാകുന്നു. ശരിതെറ്റുകൾ വിലയിരുത്തി പുതിയ നവവത്സര പ്രതിജ്ഞതകളിലേക്കു നീങ്ങുമ്പോൾ നമുക്കായി ഓടി നടന്ന് തളർന്നവരെക്കൂടി ഓർമിക്കാം.

# വേദനിക്കുന്നവനിൽ ക്രിസ്തുവിനെ കാണാം

'എന്റെ ഈ എളിയ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്ത് തന്നത്' എന്ന ഈശോയുടെ വാക്കുകളാണ്, വേദനിക്കുന്നവന്റെ മുഖത്ത് ക്രിസ്തുവിനെ ദർശിക്കുവാൻ സഭയെ പഠിപ്പിച്ചത്

▸ പേജ് ഒന്നിൽ നിന്ന് തുടർച്ച

സഭയുടെ സാമൂഹിക ഇടപെടലുകളിലെല്ലാം നിഴലിക്കുന്നത് വേദനിക്കുന്നവരെ ചേർത്തു നിർത്തുവാനുള്ള സഭയുടെ കരുതലും തീക്ഷണതയുമാണ്. അതിന്റെ യഥാർത്ഥ പ്രകാശനം തന്നെയായിരുന്നു വിലങ്ങാടിന്റെ ദുരന്തമുഖത്ത് സഹായഹസ്തവുമായി ഓടിയെത്തി താമരശ്ശേരി രൂപത കാണിച്ച നല്ല മാതൃക. സഭയുടെ ആരംഭകാലം മുതൽ പാവങ്ങളുടെ പക്ഷം ചേരുന്ന പ്രവർത്തന ശൈലിയാണ് സഭ പിന്തുടർന്നിരുന്നത്. നിരവധി ഉദാഹരണങ്ങളിലൂടെ ചരിത്രം അത് സാക്ഷ്യപ്പെടുത്തുന്നു.

അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ബാർബേറിയൻ അധിനിവേശം ഒരു കൊടുങ്കാറ്റ് പോലെ റോമിന്റെ സാമ്രാജ്യത്വ വ്യവസ്ഥിതിയെ പിടിച്ചു കുലുക്കിയപ്പോൾ മഹാനായ പോപ്പ് ഗ്രിഗറി അന്നത്തെ വിശ്വാസ സമൂഹത്തെ ഓർമപ്പെടുത്തിയത് ഇപ്രകാരമാണ്, 'ഒന്ന് അന്വേഷിച്ചാൽ ഓരോ നിമിഷവും നമുക്കൊരു ലാസറിനെ കണ്ടെത്താം, അന്വേഷിക്കാതെ തന്നെ ഓരോ ദിവസവും നമ്മുടെ പടിക്കൽ അങ്ങനെയൊരാളെ നാം കണ്ടെത്തുന്നു. ഇപ്പോൾ അവർ നമ്മോട് യാചിക്കുന്നു, നാളെ അവർ നമുക്കുവേണ്ടി വാദിക്കും. അതുകൊണ്ട് കരുണയുടെ പ്രവൃത്തികൾ നമുക്ക് കൈമോശം വരാതെ കാത്തുസൂക്ഷിക്കാം.'

ലെയോ പതിനാലാമൻ മാർപാപ്പ തന്റെ ആദ്യത്തെ അപ്പസ്തോലിക് പ്രബോധനമായ Dilexi te യുടെ 108–ാം ഖണ്ഡികയിൽ പാവങ്ങളെ സ്നേഹിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ട് പറഞ്ഞുവെക്കുന്നത് ഇങ്ങനെയാണ്, 'എന്റെ ഈ എളിയ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്ത് തന്നത്' (മത്താ. 25:40) എന്ന ഈശോയുടെ വാക്കുകളാണ്, വേദനിക്കുന്നവന്റെ മുഖത്ത് ക്രിസ്തുവിനെ ദർശിക്കുവാൻ സഭയെ പഠിപ്പിച്ചത്.



താമരശ്ശേരി രൂപത വിലങ്ങാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായി കെസിബിസി നിർമിക്കുന്ന ആദ്യ ഭവനത്തിന്റെ തറക്കല്ല് കെസിബിസി പ്രസിഡന്റായിരുന്ന കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കത്തോലിക്കാബാവ വെഞ്ചരിക്കുന്നു

രണ്ടാം വത്തിക്കാൻ സൂനഹദോസിന് ഏകദേശം ഒരു മാസം മുമ്പ്, 1962 സെപ്റ്റംബർ 11 ന് വിശുദ്ധ ജോൺ ഇരുപത്തി മൂന്നാമൻ മാർപാപ്പ നൽകിയ ഒരു റേഡിയോ സന്ദേശം സഭയുടെ കാഴ്ചപ്പാടിലേക്ക് വെളിച്ചം വീശുന്നതാണ്. 'സഭ സ്വയം ആയിരിക്കുന്ന രൂപത്തിലും, ആകുവാൻ ആഗ്രഹിക്കുന്ന രൂപത്തിലും തന്നെത്തന്നെ അവതരിപ്പിക്കുന്നു. എല്ലാവരുടെയും സഭയായും പ്രത്യേകിച്ച് പാവങ്ങളുടെ സഭയായും.' ഇതിനെ ആവർത്തിക്കുന്നതാണ് സൂനഹദോസിന്റെ രണ്ടാം സെഷന്റെ തുടക്കത്തിൽ പോൾ ആറാമൻ പാപ്പ പറഞ്ഞ വാക്കുകൾ, 'സഭ പ്രത്യേക ശ്രദ്ധയോടെ, ദരിദ്രരെയും സഹായം ആവശ്യമുള്ളവരെയും കഷ്ടത അനുഭവിക്കുന്നവരെയും വിശക്കുന്നവരെയും വേദനിക്കുന്ന സർവ മനുഷ്യരെയും നോക്കുന്നു, അവരുടെ കൂടെ ആയിരിക്കുന്നു.'

ജോൺപോൾ രണ്ടാമൻ മാർപാപ്പ, Sollicitudo Rei Socialis എന്ന തന്റെ ചാക്രിക ലേഖനത്തിലൂടെ പറഞ്ഞുവെക്കാൻ ശ്രമിച്ചതും മറ്റൊന്നല്ല. 'പാവങ്ങളോടുള്ള സ്നേഹവും പരിഗണനയും, വിശക്കുകയും സഹായം ആവശ്യമായിരിക്കുകയും ഭവനരഹിതരായി കഴിയുകയും ചെയ്യുന്ന അനേകരെ ചേർത്തുനിർത്തുവാൻ നമ്മെ നിർബന്ധിക്കുന്നു' (SRS 42).

Caritas in Veritate എന്ന ചാക്രിക ലേഖനത്തിലൂടെ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ നമ്മെ ഓർമിപ്പിക്കുന്നു, 'നമ്മുടെ അയൽക്കാരന്റെ യഥാർത്ഥമായ ആവശ്യങ്ങൾക്കും നന്മയ്ക്കുമായി എന്തുമാത്രം നാം പരിശ്രമിക്കുന്നുവോ, അത്രമാത്രം ശക്തമായി നാം അവരെ സ്നേഹിക്കുന്നു' (CV 7).

യാഥാർത്ഥ്യങ്ങൾക്ക് നേരെയുള്ള നിസ്സംഗതയും സ്വാർത്ഥതയും സാധാരണവൽക്കരിക്കപ്പെടുന്ന ആധുനിക പ്രവണത മനുഷ്യരെ തമ്മിൽ അന്യവൽക്കരിക്കുമെന്ന് ഫ്രാൻസിസ് മാർപാപ്പ Dilexit nos എന്ന തന്റെ ചാക്രിക ലേഖനത്തിലൂടെ നമ്മെ ഓർമിപ്പിക്കുന്നു. അത് പാവങ്ങളെ പരിഗണിക്കാതിരിക്കുന്നതിലേക്കും നമുക്ക് ചുറ്റും അവർ ജീവിക്കുന്നു എന്ന സത്യം നിഷേധിക്കുന്നതിലേക്കും നമ്മളെ നയിക്കുന്നു (DN 183).

വിശുദ്ധഗ്രന്ഥാടിസ്ഥാനത്തിൽ സഭ നൽകുന്ന ഈ പഠനങ്ങളാണ് സാമൂഹിക പ്രതിബദ്ധതയോടുകൂടി വിലങ്ങാടിന്റെ പുനരധിവാസത്തിന് ഒരുമിച്ചു പ്രവർത്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത്.







# ഒറ്റക്കെട്ടായ് വീണ്ടെടുത്ത നാട്

**ഉരുൾപൊട്ടലിന്റെ ഭീകരത ലോകമറിഞ്ഞത് വിലങ്ങാട് സെന്റ് ജോർജ് ഫൊറോന വികാരി ഫാ. വിൽസൺ മുട്ടത്തുകുന്നേലിന്റെ വാട്സാപ് സന്ദേശത്തിലൂടെയായിരുന്നു. ആദ്യ നിമിഷം മുതൽ രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സഹായങ്ങളെത്തിക്കുന്നതിനും നേതൃത്വം നൽകിയ ഫാ. വിൽസൺ ആ ദിവസത്തെ അനുഭവങ്ങൾ ഓർത്തെടുക്കുന്നു**



**ഫാ. വിൽസൺ മുട്ടത്തുകുന്നേൽ**

2024 ജൂലൈ 29. രാവിലെ മുതൽ കനത്ത മഴ പെയ്തുകൊണ്ടിരുന്നു. കാർമേഘങ്ങൾക്ക് കനം കൂടി വന്നു. രാത്രിയും മഴയ്ക്ക് ശമനമുണ്ടായില്ല. എന്തോ സംഭവിക്കാൻ പോകുന്നു എന്ന തോന്നൽ ഉറക്കം കെടുത്തി. രാത്രി 11.30ന് വിലങ്ങാട് അങ്ങാടിയിൽ നിന്ന് കുറച്ച് ചെറുപ്പക്കാർ വിളിച്ചു. എവിടെയെക്കെയോ ഉരുൾ പൊട്ടിയെന്ന് സംശയിക്കുന്നതായി പറഞ്ഞു. പള്ളി മുറ്റത്തേക്കിറങ്ങി നോക്കിയപ്പോൾ വിലങ്ങാട് പുഴ കരകവിഞ്ഞ് ഭീകര രൂപം പൂണ്ട് ഒഴുകുന്നു.

പാരിഷ് ഹാളിൽ ക്യാമ്പ് തുറക്കാനുള്ള സൗകര്യം ഒരുക്കുകയാണ് ആദ്യം ചെയ്തത്. അങ്ങാടിയിലെ ഹോട്ടലിൽ ജോലി ചെയ്യുന്ന ആളുകളെയും അവിടെ വാടകയ്ക്ക് താമസിക്കുന്നവരെയും പാരിഷ് ഹാളിലെത്തിച്ചു. അപ്പോഴേക്കും അങ്ങാടിയിൽ മുട്ടിന് മുകളിൽ വെള്ളം നിറഞ്ഞു. ഉരുട്ടി പാലം പകുതിയോളം തകർന്നു. ഇലക്ട്രിസിറ്റി പോസ്റ്റുകൾ മുഴുവനും തകർന്നു വീണ് ഈ മേഖലയിൽ വൈദ്യുതി ബന്ധം താറുമാറായി. മൊബൈൽ ഫോൺ വഴിയുള്ള ആശയ വിനിമയത്തിനും ബുദ്ധിമുട്ട് നേരിട്ടു. മഞ്ഞച്ചീളിയിൽ അതിഭീകരമായ ഉരുൾപൊട്ടലുണ്ടായെന്ന് പുലർച്ചെ രണ്ടു മണിയോടെ വിവരം ലഭിച്ചു. വിലങ്ങാട് എമർജൻസി ടീം രണ്ടായി തിരിഞ്ഞ് മഞ്ഞച്ചീളിയിലേക്ക് പോയി.

അതിഭീകരമായിരുന്നു അവിടത്തെ കാഴ്ച. റോഡിലൂടെ നടക്കാൻ പോലും സാധിക്കാത്ത തരത്തിൽ അരയ്ക്കൊപ്പം ചെളി. വീടുകളിൽ കുടുങ്ങിക്കിടന്നവരെ ക്യാമ്പുകളിലേക്ക് മാറ്റിപ്പാർപ്പിച്ചു. വിലങ്ങാട് എമർജൻസി ടീം അന്നു രാത്രി നടത്തിയ രക്ഷാപ്രവർത്തനം എടുത്തുപറയേണ്ടതാണ്.

പിറ്റേന്ന് രാവിലെ പൊലീസും ഫയർ ഫോഴ്സും മറ്റു സർക്കാർ സംവിധാനങ്ങളും സജീവമായി. പക്ഷേ, വിലങ്ങാട്ടേക്ക് എത്തിച്ചേരാൻ കഴിയാത്ത സ്ഥിതിയായിരുന്നു. കാരണം ഉരുൾപൊട്ടൽ വിലങ്ങാടിനെ മൂന്നായി മുറിച്ചു. ഉച്ചയോടെ പുറത്തു നിന്നും കെസിവൈഎം, കത്തോലിക്കാ കോൺഗ്രസ് ഉൾപ്പടെയുള്ള സന്നദ്ധ സംഘടനാംഗങ്ങൾ ഈ പ്രദേശത്തേക്കെത്തി. വിലങ്ങാട് സെന്റ് ജോർജ് ഫൊറോന പള്ളി പാരിഷ് ഹാളിലും സെന്റ് ജോർജ് സ്കൂളിലുമായാണ് ക്യാമ്പുകൾ ക്രമീകരിച്ചത്. പാനോം, വായാട് ഭാഗത്തുള്ളവർക്കായി മഞ്ഞക്കുന്ന് സെന്റ് അൽഫോൻസാ പള്ളി പാരിഷ് ഹാളിലും ക്യാമ്പ് ഒരുക്കി.



**ഉരുൾപൊട്ടലിൽ ഒലിച്ചുപോയ മഞ്ഞച്ചീളി പ്രദേശം അന്ന്**

ഏകദേശം 1000 പേർക്കുള്ള ഭക്ഷണം അന്ന് പാരിഷ് ഹാളിൽ പകൽ വീട് എന്ന പേരിൽ ക്രമീകരിച്ചിരുന്നു. പോലീസുകാർ, കെഎസ്ഇബി ജീവനക്കാർ, മറ്റു സർക്കാർ ഉദ്യോഗസ്ഥർ, സഹായത്തിനായി വന്ന യുവജനങ്ങൾ എന്നിവർക്കെല്ലാം ഭക്ഷണം നൽകി. എല്ലാവരും ഓരേ മനസ്സോടെ ജാതി, മത, വർഗ്ഗ വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി സഹകരിച്ചു.

അന്ന് പണത്തിന്റെ ബുദ്ധിമുട്ട് പല കുടുംബങ്ങളെയും ബാധിച്ചു. ഉന്നത പഠനം നടത്തുന്ന പല കുട്ടികളുടെയും ഫീസും ഹോസ്റ്റൽ ഫീസുമൊക്കെ മുടങ്ങി. ഇന്ത്യയുടെ അകത്തും പുറത്തും ജോലി ചെയ്യുന്ന വിലങ്ങാടുകാരുടെ സംഘടനയായ വി ഫോർ വിലങ്ങാട് അതു തിരിച്ചറിഞ്ഞ് ഫണ്ട് കളക്ട് ചെയ്ത് ഫീസും ഹോസ്റ്റൽ ഫീസുമടച്ചു.

ദുരന്ത സമയം മുതൽ കത്തോലിക്കാ സഭയും താമരശ്ശേരി രൂപതയും ഈ പ്രദേശത്തിന്റെ പുനരധിവാസത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പലതവണ ഇവിടം സന്ദർശിച്ചു. പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ പുരോഗതി എപ്പോഴും അന്വേഷിക്കും. യുവജന സംഘടനകൾ, സിഎംഎൽ, മാതൃവേദി, കത്തോലിക്കാ കോൺഗ്രസ് തുടങ്ങി നിരവധി സംഘടനകൾ പുനരധിവാസ പ്രവർത്തനങ്ങളിൽ പങ്കുചേർന്നു. ഭക്ഷ്യവസ്തുക്കളും വസ്ത്രങ്ങളും പലരും കൊണ്ടുവന്നു. വിലങ്ങാട്, മഞ്ഞക്കുന്ന്, വാളൂക്ക്, പാലൂർ ഇടവകകളിലെ വിശ്വാസി സമൂഹം സഹായഹസ്തവുമായി ഒപ്പം നിന്നു.

11 വീടുകൾ ഈ പ്രദേശത്ത് നിശേഷം നശിച്ചു. 33 വീടുകൾ താമസയോഗ്യമല്ലാതായി. 120 വീടുകൾ അതീവ അപകട മേഖലയിലാണ് സ്ഥിതി ചെയ്യുന്നത്. സീറോ മലബാർ സഭയിലെ വിവിധ മെത്രാന്മാർ നേരിട്ടെത്തി ഇവിടം സന്ദർശിച്ചു. ഇതേത്തുടർന്ന് കെസിബിസിയുടെ നേതൃത്വത്തിൽ മികച്ച പുനരധിവാസ പാക്കേജ് രൂപീകരിച്ചു. ദുരന്തം കഴിഞ്ഞ് അഞ്ചു മാസം പിന്നിട്ടപ്പോഴേക്കും ഭവന നിർമാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഒരു വർഷം പിന്നിടുമ്പോഴേക്കും 35 കുടുംബങ്ങൾ പുതിയ വീടുകളിൽ താമസം തുടങ്ങി.

ദുരന്തം സംഭവിച്ച നിമിഷം മുതൽ ഇവിടെയുള്ള ജനങ്ങളെല്ലാം ഒറ്റക്കെട്ടായി ഒരു മനസ്സോടുകൂടി ഒന്നിച്ച് പ്രവർത്തിച്ചു എന്നതാണ് വിലങ്ങാടിന്റെ വലിയ നന്മ. യുവജനങ്ങൾ, രാഷ്ട്രീയ പാർട്ടിക്കാർ, സന്നദ്ധ സംഘടനകൾ, കത്തോലിക്കാ സഭയിലെ വിവിധ സന്യാസ സഭകൾ, സംഘടനകൾ എന്നിങ്ങനെ എല്ലാവരും ഒരു പോലെ പ്രവർത്തിച്ചപ്പോൾ ഈ ദുരന്തത്തിന്റെ ആഘാതം ലഘൂകരിക്കാൻ സാധിച്ചു.





**വിലങ്ങാട് മഞ്ഞച്ചീളിയിൽ ഉരുൾപൊട്ടിയ പ്രദേശങ്ങൾ ഇന്ന് കാടുമൂടിയ നിലയിൽ.**

# ചേർത്തുപിടിക്കാൻ സർക്കാരിനു മടി



**സെൽമ രാജു**
**(മുൻ വാണിമേൽ പഞ്ചായത്ത് മെമ്പർ)**

ഉരുൾപൊട്ടലുണ്ടായ നിമിഷം മുതൽ താമരശ്ശേരി രൂപത സഹായവുമായി വിലങ്ങാടിനൊപ്പമുണ്ടായിരുന്നു. നിരവധി വൈദികരും സിസ്റ്റർമാരും യുവജനങ്ങളും കർമ്മരംഗത്ത് സജീവമായി.

സർക്കാർ സംവിധാനങ്ങളും ഉണർന്നു പ്രവർത്തിച്ചു. പക്ഷേ, പിന്നീടങ്ങോട്ട് സർക്കാരിന്റെ ഭാഗത്തു നിന്ന് ചില അവഗണനകൾ ഉണ്ടായിട്ടുണ്ട്. വീടും സ്ഥലവും നഷ്ടപ്പെട്ട 49 പേർക്ക് 15 ലക്ഷം രൂപ വീതം ലഭിച്ചു എന്നത് വസ്തുതയാണ്. അടിസ്ഥാന സൗകര്യ വികസനത്തിൽ സർക്കാർ വിലങ്ങാടിനെ അവഗണിക്കുകയാണ്. നഷ്ടപ്പെട്ട പാലങ്ങളും തകരാറിലായ റോഡുകളും ഇതുവരെയും പുനർനിർമിച്ചിട്ടില്ല. അവഗണനയ്ക്കെതിരെ വില്ലേജ് സമരവും കലക്ടറേറ്റ് സമരവും നടത്തി. യാതൊരു പ്രയോജനവുമുണ്ടായില്ല. പലപ്പോഴും വാക്കാൽ ഉറപ്പ് ലഭിക്കും. അത് വെറുംവാക്കാകും.

കൃഷി ചെയ്തു ജീവിച്ചിരുന്ന ഒരുപാടു പേരുടെ സ്ഥലം ഉരുൾപൊട്ടി ഉപയോഗശൂന്യമായി. വന്യമൃഗശല്യവും കാലാവസ്ഥാ വ്യതിയാനവും കാരണം കർഷകർ ബുദ്ധിമുട്ടുകയാണ്. പലരും വിലങ്ങാട് ഉപേക്ഷിച്ച് മറ്റു നാടുകളിലേക്ക് പോകുന്നത് വിലങ്ങാടിന്റെ പുരോഗതിക്ക് തടസമാകും.

പരിമിതമായ ആരോഗ്യ സംരക്ഷണ സംവിധാനങ്ങൾ മാത്രമാണ് വിലങ്ങാടുള്ളത്. ഇവിടുത്തെ ആരോഗ്യ ഉപകേന്ദ്രത്തിൽ പരിമിതമായ സൗകര്യങ്ങൾ മാത്രമേയുള്ളൂ. അങ്ങാടിയിൽ നിന്ന് എട്ടു കിലോമീറ്റർ ദൂരത്തിലാണ് പരിപ്പുപാറ കുടുംബാരോഗ്യ കേന്ദ്രം. എല്ലാ സൗകര്യങ്ങളുമുള്ള ഒരാശുപത്രി വിലങ്ങാടിന് ലഭിക്കണം. വിലങ്ങാടിന്റെ നീറുന്ന പ്രശ്നങ്ങൾക്കു നേരെ കണ്ണടയ്ക്കാതെ നാടിനെ ചേർത്തുപിടിക്കാൻ ഭരണകർത്താക്കൾ തയ്യാറാകണം.



**മഞ്ഞച്ചീളി – ആകാശദൃശ്യം**

## വിലങ്ങാട് – വയനാട് റോഡിന് ആവശ്യം ശക്തം

# വിലങ്ങാടിനും വേണം വികസനം

### വിലങ്ങാടിന്റെ വികസന ആവശ്യങ്ങൾ നാട്ടുകാർ പങ്കുവയ്ക്കുന്നു

## ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തണം



**വിനോയ് തോമസ്**

● വിലങ്ങാട് പ്രദേശത്തിന്റെ മൂന്ന് അതിരുകളും വനത്താൽ ചുറ്റപ്പെട്ടു കിടക്കുന്നതാണ്. അതുകൊണ്ട് തന്നെ ഇവിടെയുള്ള ആളുകൾ മാത്രമാണ് ഇവിടത്തെ ഉപഭോക്താക്കൾ. ഏകദേശം 130 വ്യാപാരികളാണ് വിലങ്ങാടുള്ളത്. ഉരുൾപൊട്ടലിൽ 11 കടകൾ പൂർണമായി ഒലിച്ചുപോയി. അഞ്ചോളം കച്ചവടക്കാർ കച്ചവടം മതിയാക്കി.

വിലങ്ങാട് മേഖലയിൽ മൂന്നു നാല് സർക്കാർ സ്ഥാപനങ്ങൾ മാത്രമാണുള്ളത്. ഇതിൽ ഹോമിയോ ആശുപത്രി, മൃഗാശുപത്രി എന്നിവ പ്രവർത്തന രഹിതമാണ്. വില്ലേജ് ഓഫീസും പോസ്റ്റ്ഓഫീസും പ്രവർത്തിക്കുന്നുണ്ട്.

വിലങ്ങാട് വികസനം സാധ്യമാകണമെങ്കിൽ ആദ്യം വേണ്ടത് വയനാട് റോഡ് തുറക്കുക എന്നതാണ്. ഇവിടെ നിന്ന് ഏഴു കിലോമീറ്റർ മാത്രമേയുള്ളു വയനാട്ടിലെ കുഞ്ഞോത്തേക്ക്. എങ്കിലും സർക്കാരിനോട് അത് പറയുമ്പോൾ അത് കേന്ദ്രസർക്കാരാണ് ചെയ്യേണ്ടത് എന്നും കേന്ദ്രത്തോട് പറയുമ്പോൾ കേരള സർക്കാരാണ് ചെയ്യേണ്ടത് എന്നും പറഞ്ഞ് തട്ടിക്കളിക്കുകയാണ്. തെരഞ്ഞെടുപ്പ് വരുമ്പോൾ എല്ലാ പാർട്ടിക്കാരും ഞങ്ങൾ റോഡ് തുറക്കുമെന്നു വീമ്പ് പറയും. പഞ്ചായത്ത്, നിയമസഭ, ലോക്സഭ തിരഞ്ഞെടുപ്പുകളിൽ ഇതു പറഞ്ഞ് വോട്ടു വാങ്ങും. ജയിച്ചു കഴിഞ്ഞാൽ അവർ ആ അധ്യായം അടയ്ക്കും. വാക്ക് വെറും വാക്കായി മാറും. ആത്മാർത്ഥമായി വിലങ്ങാട് – വയനാട് റോഡിനായി പ്രയത്നിക്കാൻ ആരും മുൻകൈയ്യെടുക്കുന്നില്ല.

വിലങ്ങാടിന്റെ ഭംഗി അസ്വദിക്കാൻ കുറേപ്പേർ ഞായറാഴ്ച്ചകളിലും അവധി ദിവസങ്ങളിലും വന്നുപോകുന്നുണ്ട്. പാലൂർ, മാടഞ്ചേരി, തിരികക്കയം വെള്ളച്ചാട്ടം, മലയങ്ങാട് വെള്ളച്ചാട്ടം എന്നിവയാണ് പ്രധാന ആകർഷണങ്ങൾ. പക്ഷേ, അവർക്ക് ചെന്നെത്താനോ, ആസ്വദിക്കാനോ പറ്റിയ സൗകര്യം നിലവിൽ ഇല്ല. കഴിഞ്ഞ പ്രാവശ്യം വാണിമേൽ പഞ്ചായത്ത് ഇതിനേക്കുറിച്ച് പഠിച്ച് ഇക്കോടൂറിസം തുടങ്ങാം എന്ന് പറഞ്ഞതല്ലാതെ അത് പ്രാവർത്തികമായില്ല.

*(വ്യാപാരി വ്യവസായി ഏകോപനസമിതി വിലങ്ങാട് യൂണിറ്റ് പ്രസിഡന്റ്)*



രണ്ടേക്കർ സ്ഥലം ഉണ്ട്. പക്ഷേ, അതിൽ നിന്ന് ആദായം കിട്ടുന്നില്ല. 45 തെങ്ങിൽ നിന്ന് എണ്ണായിരം തേങ്ങയോളം കിട്ടിക്കൊണ്ടിരുന്നതാണ്. പക്ഷെ, കഴിഞ്ഞ വർഷം വിൽക്കാൻ കിട്ടിയത് വെറും 240 തേങ്ങ മാത്രമാണ്. തെങ്ങിന് കേട് വന്നതുകൊണ്ടല്ല. കുരങ്ങ് ശല്യം അത്രയ്ക്ക് രൂക്ഷമാണ്. 3 കിന്റലോളം കുരുമുളക് ലഭിക്കാറുണ്ട്. പക്ഷെ, കഴിഞ്ഞവർഷം കിട്ടിയത് വെറും 16 കിലോ മാത്രം. കുരങ്ങുകൾ മരത്തിൽ നിന്ന് ഊർന്നിറങ്ങി കൊടികൾ കരിഞ്ഞുപോയി. കാട്ടാന ശല്യവുമുണ്ട്. മൃഗങ്ങളെപ്പേടിച്ച് പുലർച്ചെ റബർ വെട്ടാൻപോലും പലർക്കും സാധിക്കുന്നില്ല.

**ബിനു ലൂക്കോസ്**
**കുഴിയംപ്ലാവിൽ, പാലൂർ**



ഉരുൾപൊട്ടലിൽ ഭാഗികമായി തകർന്ന ഉരുട്ടിപ്പാലം. ഒന്നര വർഷം കഴിഞ്ഞിട്ടും ഇത് പുനർ നിർമിച്ചിട്ടില്ല

## വീടുകളായി പക്ഷേ, കൃഷി വെല്ലുവിളി



**ദിലീപ് ടി. രാജ്**

● കത്തോലിക്കാ സഭയും മറ്റു സംഘടനകളുമൊക്കെ ദുരന്തബാധിതർക്ക് വീട് നിർമിച്ചു നൽകുന്നുണ്ട്. പക്ഷെ, ഇവിടെ കൃഷി ചെയ്ത് ജീവിക്കാം എന്നത് വലിയൊരു വെല്ലുവിളിയാണ്. പലരും കൃഷിയിടങ്ങളിൽ നിന്ന് മാറി മറ്റിടങ്ങളിൽ വീട് നിർമിക്കുകയാണ്. അത് വന്യമൃഗശല്യം രൂക്ഷമാക്കും. വിലങ്ങാടിനെ ദുരന്ത മേഖലയായി പ്രഖ്യാപിച്ചതോടെ ബാങ്ക് വായ്പകൾ ലഭ്യമല്ലാത്ത സ്ഥിതിയായി. ഓൺലൈൻ ലോണുകൾ പോലും ലഭ്യമല്ലാത്ത ഒരു സ്ഥലമായി ഇവിടം മാറി. മുമ്പോട്ട് എന്താകുമെന്ന് വലിയ ആശങ്കയാണ്. കല്യാണങ്ങൾ പലതും മുടങ്ങിപോകുന്നതായി അറിയുന്നുണ്ട്.

തകർന്ന പാലത്തിന്റെ പുനർനിർമാണമോ വിലങ്ങാട് പള്ളിക്കു മുമ്പിൽ ഇടിഞ്ഞു പോയ റോഡ് നിർമാണമോ ഒന്നും ആയിട്ടില്ല. കേറിക്കിടക്കാൻ മിക്കവർക്കും വീട് ആകുന്നു എന്നതൊഴിച്ച് മറ്റു വികസന പ്രവർത്തനങ്ങളൊന്നും ഇതുവരെ ആരംഭിച്ചിട്ടില്ല. കൃഷി ഉപജീവനമാക്കി മുന്നോട്ടു പോകാം എന്നത് വെല്ലുവിളിയാണ്.

എൺപതോളം കുടുംബങ്ങൾ വിലങ്ങാട് പ്രദേശത്തു നിന്ന് താമസം മാറി. കലുങ്കുകൾ, റോഡുകൾ, ഇടഭിത്തികൾ എന്നിവയുടെ പ്രവൃത്തികൾ ഇനിയും തുടങ്ങിയിട്ടില്ല. ഒരു രോഗിയ ആംബുലൻസിൽ കൊണ്ടു പോകാൻ പോലും ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. മികച്ച ചികിത്സാ സൗകര്യങ്ങൾ നിലവിലില്ല എന്നതും ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നു. ഏഴു കിലോമീറ്റർ അപ്പുറത്താണ് ചെറിയൊരു ആശുപത്രിയുള്ളത്.

വിലങ്ങാടിന്റെ ഈ ശോചനീയവസ്ഥ മാറണമെങ്കിൽ വയനാടുമായി ബന്ധിപ്പിക്കുന്ന റോഡ് യാഥാർത്ഥ്യമാകണം. വലിയ കയറ്റങ്ങളോ, ചുരമോ ഒന്നുമില്ലാതെ വയനാട്ടിലേക്ക് ഏറ്റവും എളുപ്പത്തിൽ പോകാവുന്ന റോഡാണിത്. അത്തരത്തിലുള്ള വികസനങ്ങൾ വന്നാൽ മാത്രമേ വിലങ്ങാടിന് ഇനി രക്ഷയുള്ളു. രാഷ്ട്രീയ ഇടപെടലുകളൊന്നും ഇതുവരെയും നടന്നിട്ടില്ല എന്നത് വേദനാജനകമാണ്.

*(വിലങ്ങാട് എമർജൻസി ടീം അംഗം)*



നിരവധി പേർക്ക് ഇനിയും വീടു ലഭിക്കാനുണ്ട്. വാടക വീടുകളിൽ കഴിയുന്നവർ ഇപ്പോഴുമുണ്ട്. കൃഷിഭൂമി നഷ്ടമായവർക്ക് സാമ്പത്തിക സഹായം മുഴുവനായും ലഭിച്ചിട്ടില്ല. അത്തരം കാര്യങ്ങളൊക്കെ പരിഹരിക്കപ്പെടണം. വിലങ്ങാട് – വയനാട് റോഡ് യാഥാർത്ഥ്യമായാൽ ഈ നാടിന്റെ മുഖച്ഛായ മാറും. അത് ഈ നാടിന്റെ വികസനത്തിന് ഗുണം ചെയ്യും. വന്യമൃഗശല്യത്തെ സമർത്ഥമായി നേരിടണം. കൃഷി ഭൂമിയിലേക്ക് കാട്ടാനകൾ കടക്കാതെ ഫെൻസിങ് സ്ഥാപിക്കണം. കുരങ്ങുകളെ വനം വകുപ്പ് അധികൃതർ പിടിച്ചുകൊണ്ടു പോകണം. കാട്ടുപന്നികളെ വെടിവെച്ചു കൊല്ലാനുള്ള അനുമതി സർക്കാർ കർഷകർക്ക് നൽകണം.

**ചാർലി മാത്യു**
**ഓട്ടപ്പുന്നക്കൽ, വാളൂക്ക്**

## വിലങ്ങാട് ഒരു 'ഡെഡ് എൻഡ്' അല്ല




**റെനി തോമസ്**
**തളികപ്പറമ്പിൽ**

● ഒത്തിരിയേറെ സാധ്യതകളുള്ള സ്ഥലമാണ് വിലങ്ങാട്. പണ്ട് മുതലേ ചരിത്രപ്രാധാന്യമുള്ള സ്ഥലം. നാടിന്റെ അനന്തമായ സാധ്യതകൾ കണ്ടുപിടിക്കാൻ ആർക്കും താൽപര്യമില്ലാത്ത അവസ്ഥയാണ്.

ചെറുപ്പക്കാർ കൃഷിയിലേക്ക് ഇറങ്ങുന്നില്ല. പത്താം ക്ലാസ് കഴിഞ്ഞ കുട്ടികൾ ഉപരിപഠനത്തിനായി മറ്റു നാടുകളിലേക്ക് പോകുന്നു. പഠന ശേഷം അവരിൽ മിക്കവരും വിദേശ രാജ്യങ്ങളിലേക്ക് ചേക്കേറും. മറ്റുള്ളവർ നല്ല ജോലി തേടി കുറ്റ്യാടി, കോഴിക്കോട് തുടങ്ങിയ സ്ഥലങ്ങളിലേക്ക് പോകുന്നു. 45 വയസ്സിന് മുകളിലേക്ക് ഉള്ളവർ മാത്രമാണ് ഇപ്പോൾ കൃഷിയിൽ സജീവമായി നിൽക്കുന്നത്. കൃഷിയിൽ നിന്നുള്ള വരുമാനം വളരെ കുറവാണ്. മാത്രമല്ല വന്യമൃഗശല്യം കാരണം ഒന്നും കൃഷിചെയ്യാൻ പറ്റാത്ത അവസ്ഥയാണ്.

വിലങ്ങാട് ഒരു ഡെഡ് എൻഡ് ആണെന്നാണ് പലരുടെയും കാഴ്ചപ്പാട്. ആ ചിന്ത മാറണമെങ്കിൽ വയനാട് റോഡ് വരണം. അത് വിലങ്ങാടിന്റെ വികസനക്കുതിപ്പിന് ആക്കംകൂട്ടും. ജനപ്രതിനിധികൾ ആത്മാർത്ഥമായി പരിശ്രമിച്ചിരുന്നെങ്കിൽ വിലങ്ങാട് –വയനാട് റോഡ് യാഥാർത്ഥ്യമാകുമായിരുന്നു. തെരഞ്ഞെടുപ്പ് വരുമ്പോൾ പല വാഗ്ദാനങ്ങളും നടത്തി പോകുന്നവർ പിന്നെ ഈ വഴിക്ക് വരുന്നത് വിരളമാണ്. ജനങ്ങൾ ഒന്നും തുറന്നുപറയാൻ തയ്യാറല്ല. സർക്കാരിന്റെ ഭാഗത്തുനിന്ന് കൃഷിക്കാർക്കോ വ്യാപാരികൾക്കോ ഒരു സഹായവും ഇന്നും ലഭിച്ചിട്ടില്ല.

*(വ്യാപാരി വ്യവസായി ഏകോപനസമിതി വിലങ്ങാട് യൂണിറ്റ് സെക്രട്ടറി)*



കർഷകനാണ് നാടിന്റെ നട്ടെല്ല്. കർഷകരെ അത്തരത്തിൽ സർക്കാരുകൾ പരിഗണിക്കണം. കർഷകർ ഇവിടെ ദാരിദ്ര്യത്തിലാണ്. വന്യമൃഗ ശല്യം രൂക്ഷമാണ്. അതിനൊരു ശാശ്വത പരിഹാരം കാണാൻ സർക്കാരിന് സാധിക്കണം. വയനാട് റോഡാണ് ഞങ്ങളുടെ പ്രതീക്ഷ. വരും തലമുറയ്ക്കും ഗുണമാണ്. കക്ഷി രാഷ്ട്രീയ വേർതിരിവില്ലാതെ ഒറ്റക്കെട്ടായ് നിന്നാൽ റോഡ് യാഥാർത്ഥ്യമാക്കാം.

**രാജു നെല്ലിമൂട്ടിൽ**
**വാളൂക്ക്**

മലബാർ വിഷൻ

# കരംപിടിച്ച് കത്തോലിക്കാ സഭ

**വിലങ്ങാട് ദുരിത ബാധിതർക്ക് വീടു നിർമാണം ആദ്യം ആരംഭിച്ചത് കത്തോലിക്കാ സഭയായിരുന്നു. താമരശ്ശേരി രൂപതയുടെ സാമൂഹിക സേവന വിഭാഗമായ സിഒഡിക്കാണ് മേൽനോട്ടച്ചുമതല**

**കിടപ്പാടം നഷ്ടപ്പെട്ടവർക്കും ഭാഗികമായി വീടു തകർന്നവർക്കും സുരക്ഷിത പാർപ്പിടമൊരുക്കാൻ താമരശ്ശേരി രൂപത നേതൃത്വം വഹിച്ചു. ഈ ബൃഹദ് പദ്ധതിക്ക് കെസിബിസിയും വിവിധ രൂപതകളും സഭയിലെ വിവിധ സന്യാസ സമൂഹങ്ങളും ഇടവകകളും വിവിധ ഭക്ത–സന്നദ്ധ സംഘടനകളും വ്യക്തികളും അകമഴിഞ്ഞ പിന്തുണ നൽകി**

## പുനരധിവാസം 2.0 'സേഫ് വിത്തിൻ'



**ഫാ. സായി പാറൻകുളങ്ങര**
**(ഡയറക്ടർ, സിഒഡി)**

വിലങ്ങാട് പുനരധിവാസത്തിന്റെ രണ്ടാം ഘട്ടമാണ് സേഫ് വിത്തിൻ. വാണിമൽ, പുതുപ്പാടി പഞ്ചായത്തുകളെ ഉൾപ്പെടുത്തി കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെയാണ് സേഫ് വിത്തിൻ പദ്ധതി നടപ്പാക്കുന്നത്. മൂന്ന് തരത്തിലുള്ള പുനരധിവാസ പ്രവർത്തനങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ദുരന്തമുഖങ്ങളിൽ സംഘർഷം അനുഭവിക്കുന്നവർക്ക് മാനസിക പിന്തുണ നൽകുന്നതിനുള്ള ടീം രൂപീകരിക്കുകയാണ് ഒന്നാമതായി ചെയ്യുന്നത്. ഇതിനായി മേൽ പറഞ്ഞ ഓരോ പഞ്ചായത്തുകളിൽ നിന്നും 10 പേരെ വീതം തിരഞ്ഞെടുത്ത് പരിശീലനം നൽകുന്നു. ദുരന്ത സമയങ്ങളിൽ ഗൃഹ സന്ദർശനം നടത്താനും ആളുകളുടെ മാനസിക സമ്മർദ്ദം കുറയ്ക്കാനും ഇവർക്ക് സാധിക്കും.

ദുരന്തങ്ങളെ അതിജീവിക്കാൻ ടാസ്ക് ഫോഴ്സുകൾ രൂപീകരിക്കുകയെന്നതാണ് മറ്റൊരു പദ്ധതി. ആവശ്യമായ ഉപകരണങ്ങളും പരിശീലനവും നൽകി ടാസ്ക് ഫോഴ്സുകളെ സജ്ജമാക്കും. ദുരന്തങ്ങൾ ആവർത്തിക്കുമ്പോൾ അടിയന്തര രക്ഷാപ്രവർത്തനം സുരക്ഷിതമായി നടത്താൻ ടാസ്ക് ഫോഴ്സ് അംഗങ്ങൾക്ക് സാധിക്കും.

ജനങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുകയെന്ന ലക്ഷ്യത്തോടെ ദുരന്ത ബാധിതർക്ക് അവരുടെ അഭിരുചിക്ക് അനുസരിച്ച് വരുമാനം സൃഷ്ടിക്കാനുള്ള സാഹചര്യം ഒരുക്കി നൽകാനും 'സേഫ് വിത്തിനി'ലൂടെ ലക്ഷ്യമിടുന്നുണ്ട്. വിലങ്ങാട് പ്രദേശത്തെ മാത്രം ഉൾക്കൊള്ളിച്ചാണ് ഈ പദ്ധതി രൂപീകരിച്ചിരിക്കുന്നത്. ഹോട്ടൽ, പലഹാര നിർമാണ യൂണിറ്റ്, മറ്റു ചെറുകിട സംരംഭങ്ങൾ എന്നിങ്ങനെ വിവിധ സംരംഭങ്ങൾ ആരംഭിക്കാനുള്ള സാമ്പത്തിക സഹായവും പരിശീലനവും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**വിലങ്ങാട് പുനരധിവാസ പദ്ധതിയിൽ നിർമിച്ച വീടുകളിൽ ചിലത്**









# വേദനകളുടെ നടുവിലും പ്രതീക്ഷ കൈവിടാതെ

## ആകുലതയില്ല! ദൈവം നടത്തിക്കോളും...



**ജോസഫ് മാത്യു നന്തികാട്ട്**

അന്ന് രാത്രി നല്ല മഴ പെയ്യുന്നുണ്ടായിരുന്നു. ഏതാണ്ട് പന്ത്രണ്ടു മണിയോടടുത്ത് ശക്തമായ വെള്ളപ്പാച്ചിലിന്റെ ശബ്ദം കേൾക്കാം. വേഗം പുറത്തിറങ്ങി നോക്കി. ചെളിവെള്ളം മുറ്റത്തൂടെ ഒഴുകിപ്പോകുന്നു. രൂക്ഷ ഗന്ധവുമുണ്ട്. കുടുംബാംഗങ്ങളെ കൂട്ടി പുറത്തേക്ക് ഇറങ്ങി. വീടിന്റെ രണ്ടു വശങ്ങളിലും വെള്ളമാണ്. പുറത്തേക്ക് പോകാൻ ഒരു വഴിയുമില്ല. എങ്ങനെയോ അടുത്തുള്ള പാറയിലേക്ക് കയറി, അയൽ വീട്ടിലേക്ക് എത്തി. അവരെ വിളിച്ചുണർത്തി കാര്യങ്ങൾ വിശദീകരിക്കുമ്പോഴേക്കും വെള്ളം ശക്തമായി തള്ളി വരുന്നുണ്ട്. അവരെയും കൂട്ടി വീണ്ടും അടുത്തുള്ള മറ്റൊരു വീട്ടിലേക്ക് പോയി. അവരോടു കാര്യം പറഞ്ഞു.

കുറച്ചു കഴിഞ്ഞപ്പോൾ വലിയൊരു ശബ്ദം കേട്ടു. ഭൂചലനം പോലെ തോന്നി. ഞങ്ങൾ നിന്നതിന്റെ താഴെക്കൂടി ഉരുൾ പൊട്ടി ഒഴുകിപ്പോയി. പതിനഞ്ച് മിനിറ്റു കൂടി കഴിഞ്ഞപ്പോൾ ഭൂമി പിളരുന്നതുപോലുള്ള ശബ്ദത്തോടെ അടുത്ത ഉരുളും പൊട്ടി. ഇതിനിടെ ചെറിയ ഉരുളുകളും പൊട്ടുന്നുണ്ടായിരുന്നു. ജീവിതം തീർന്നു എന്നാണ് കരുതിയത്. പേടിയോടെ ആ രാത്രി കഴിച്ചുകൂട്ടി. നേരം പുലർന്നപ്പോൾ പുറത്തേക്കിറങ്ങി. എന്റെ വീടും ആദ്യം കയറിനിന്ന വീടുമൊക്കെ ഉരുളിൽ ഒലിച്ചു പോയി. വീട് എവിടെയായിരുന്നു ഉണ്ടായിരുന്നതെന്നുപോലും മനസിലാക്കാൻ കഴിയാത്ത അവസ്ഥയായിരുന്നു.

മൂന്നേക്കറോളം കൃഷിയിടം എനിക്കുണ്ടായിരുന്നു. അതെല്ലാം ഒലിച്ചു പോയി. കൃഷിയായിരുന്നു ഞങ്ങളുടെ ഉപജീവന മാർഗം. കയ്യിലുണ്ടായിരുന്ന ടോർച്ചും ഉടുത്ത ഒരു കൈലിമുണ്ടും മാത്രമായിരുന്നു അന്ന് ശേഷിച്ചത്.

പുതിയ വീട് നിർമിക്കാൻ സഭയുടെ സഹായം ലഭിച്ചു. ഫെബ്രുവരിയോടു കൂടി വീട് നിർമാണം പൂർത്തിയാക്കാം എന്നു കരുതുന്നു. മുന്നോട്ട് എന്തു ചെയ്യുമെന്ന് ആകുലതയില്ല. കാരണം ദൈവം ഇത്രയൊക്കെ നടത്തിയില്ലേ... ഇനിയും ദൈവം നടത്തിക്കൊളും. ആ വിശ്വാസമാണ് ഞങ്ങളെ മുന്നോട്ടു നയിക്കുന്നത്.



" വിലങ്ങാട് പാനോത്തായിരുന്നു താമസം. വീടിന് അടുത്തൊരു ചീളിയുണ്ട്. മഴ പെയ്യുമ്പോൾ ചീളി നിറഞ്ഞ് ഒഴുകും. അത് പേടിച്ച് ഞങ്ങൾ തറവാട്ടിലേക്ക് പോകും. അന്നും അങ്ങനെ തറവാട്ടിലായിരുന്നു. ഉരുൾ പൊട്ടിയെന്ന് രാവിലെയാണ് അറിയുന്നത്. വീട് പോയില്ലെങ്കിലും രണ്ടു വശത്തുകൂടി ഉരുൾപൊട്ടി വെള്ളം ഒഴുകി. താമസത്തിന് ബുദ്ധിമുട്ടായി. സിഎംഐ സഭ വീട് നിർമിച്ചു നൽകി."

**ബിന്ദു സിജു ഇടത്തുണ്ടിയിൽ**



"പാലൂരായിരുന്നു വീട്. ഉരുൾ പൊട്ടലിന്റെ അന്ന് വീടിന്റെ ജനൽ നിരപ്പിൽ മണ്ണ് വന്ന് അടിഞ്ഞു. തൊട്ടു മുകളിലെ വീട്ടിലെ മുറ്റമോ മറ്റോ ഇടിഞ്ഞു വന്നാൽ എന്റെ വീട് നിശേഷം മൂടിപോകും. ദൈവാനുഗ്രഹത്താൽ ആപത്തുണ്ടായില്ല. അന്ന് മറ്റൊരു വീട്ടിൽ അഭയം തേടി. പിന്നീട് ഒരു വർഷത്തോളം കറന്റു പോലുമില്ലാത്ത ഒരു വാടക വീട്ടിലായിരുന്നു. വികാരിയച്ചൻ മുഖേന രൂപതയിൽ അപേക്ഷ നൽകി. രൂപത വിലങ്ങാട് പുതിയ വീട് നിർമിച്ചു നൽകി."

**ബാബു സെബാസ്റ്റ്യൻ പിച്ചനാടിയിൽ**



"ഉരുളുപൊട്ടിയതിന് ശേഷം കുറേ നാളത്തേക്ക് സങ്കടമായിരുന്നു. എന്റെ കൃഷിയും വീടും ഒന്നുമില്ലാതെ നാമവശേഷമായി. ജീവൻ മാത്രമേ തിരിച്ചുകിട്ടിയുള്ളൂ. ഇപ്പോഴും ഞങ്ങൾ വാടകയ്ക്കാണ് താമസിക്കുന്നത്. കത്തോലിക്കാ സഭയും സർക്കാരും നല്ലരീതിയിൽ സഹായിക്കുന്നുണ്ട്. കോഴിക്കോടുള്ള ഹോളിക്രോസ് സിസ്റ്റേഴ്സാണ് പുതിയ വീട് നിർമിച്ചു തരുന്നത്. കൃഷി ഭൂമി നശിച്ചു ഉപജീവനത്തിന് ഏക ആശ്രയം അതായിരുന്നു."

**ജേക്കബ് മണിക്കൊമ്പേൽ**



"ഉരുൾപൊട്ടലിന്റെ അന്ന് ചാച്ചനെയും കൊണ്ട് ആശുപത്രിയിലായിരുന്നു. ഭാര്യയും മൂന്ന് മക്കളും വല്യമ്മയുമായിരുന്നു വീട്ടിലുണ്ടായിരുന്നത്. രാത്രിയിൽ അതിശക്തമായ മഴ പെയ്തു. വീടിന്റെ പുറകു ഭാഗം ഇടിഞ്ഞു പോയ അവസ്ഥയിലായിരുന്നു. വെള്ളം പൊങ്ങി വരുന്നുണ്ടായിരുന്നു. അടുത്തുള്ള വീട്ടുകാർ അവരെ വീട്ടിൽ നിന്നു മാറ്റി സുരക്ഷിത കേന്ദ്രത്തിലാക്കി. രൂപതയുടെ സഹായത്തോടെ വീട് നിർമ്മാണം നടക്കുന്നു."

**ലിബിൻ മാത്യു വളയംതൊട്ടിയിൽ**

# ചോരയും നീരും ഒഴുക്കി നിർമിച്ച നാട്

**വിലങ്ങാടിനെ കാനാൻ ദേശമാക്കിയത് കുടിയേറ്റ പൂർവികരാണ്. ഒന്നുമില്ലാതിരുന്ന ഒരു പ്രദേശത്തെ എല്ലാ സൗകര്യങ്ങളുമുള്ള നാടാക്കി മാറ്റിയത് അവരുടെ ത്യാഗപൂർണ്ണമായ ജീവിതവും വൈദികരുടെ ശക്തമായ നേതൃത്വവുമാണ്.**

**വിലങ്ങാടിന്റെ കുടിയേറ്റ ചരിത്രം**

വിലങ്ങാട് പ്രദേശത്തേക്കുള്ള കുടിയേറ്റം ആരംഭിക്കുന്നത് 1942 മുതലാണ്. കോട്ടയം ചമ്പക്കുളം സ്വദേശികളായ മാപ്പിളശ്ശേരിയിൽ ഡോ. കെ. ടി. കുര്യനും, അനുജൻ അപ്പച്ചനും, മാന്നാനം സ്വദേശി തോപ്പുംതല കുട്ടിയും ചേർന്ന് കുറച്ച് സ്ഥലം വാണിമേൽ കമ്പനിക്കാരോട് ചാർത്തി വാങ്ങി. 1943–ൽ പുതുക്കയത്ത് ഷെഡ് കെട്ടിതാമസിക്കുകയും, വിലങ്ങാട്ടേക്ക് വന്ന് കൃഷി ആരംഭിക്കുകയും ചെയ്തു. ഇതേ വർഷം ഇളങ്ങുളങ്കാരൻ ചൂരപ്പൊയ്കയിൽ സി. സി. തോമസും, എടാട്ട് കൈപ്പള്ളിൽ എ. ഒ. തോമസും ചേർന്ന് കമ്പനിക്കാരോട് വിലങ്ങാട്ട് മലയിലെയും, പാനോം മലയിലെയും സ്ഥലങ്ങൾ ചാർത്തിവാങ്ങി. ആയഞ്ചേരി കോവിലകം വകയായിരുന്ന സ്ഥലം ജന്മാവകാശം വാങ്ങിയ വാണിമേൽ കമ്പനിക്കാരോടാണ് (തൈക്കണ്ടി കുഞ്ഞാമിന ഹജ്ജുമ്മ മുതൽ അഞ്ചുപേർ) ഇവർ സ്ഥലം വാങ്ങിയത്. ആദ്യ താമസക്കാർ വിലങ്ങാട് മലയിൽ താമസിച്ചതുകൊണ്ട് പിന്നീട് ഈ കുടിയേറ്റ ഗ്രാമങ്ങൾ മുഴുവൻ വിലങ്ങാട് എന്ന പേരിൽ അറിയപ്പെട്ടു. വിലങ്ങാട് ആദ്യമായി കുടിയേറിതാമസിച്ച കർഷകകുടുംബം നെച്ചിക്കാട്ടിൽ ഫിലിപ്പിന്റേതാണ്. 1943–നു ശേഷം പടിപടിയായി കുടിയേറ്റം തുടർന്നുകൊണ്ടിരുന്നു.

1950 മുതൽ മലയങ്ങാട്, നുറുക്കല്ല്, പ്രദേശത്തും കുടിയേറ്റം ആരംഭിച്ചു. 1952 ആയപ്പോഴേക്കും 40–ൽ അധികം കുടുംബങ്ങൾ വിലങ്ങാട് പ്രദേശത്ത് താമസമായി. 1957–59 കാലഘട്ടത്തിൽ മാടാഞ്ചേരി ഭാഗത്തും പാലൂർ ഭാഗത്തും കുടിയേറ്റം ആരംഭിച്ചു. 1957–ൽ വായാട് പ്രദേശത്തും കുടിയേറ്റക്കാരെത്തി.

വിലങ്ങാട്ടെ കുടിയേറ്റജനതയുടെ ആധ്യാത്മിക ആവശ്യങ്ങൾ നിറവേറ്റാൻ വൈദികരോ, ഒന്നിച്ചുകൂടി പ്രാർത്ഥിക്കാൻ പ്രാർത്ഥനാലയമോ ഇല്ലാതിരുന്ന സാഹചര്യത്തിൽ ഈ ആവശ്യത്തിനായി മറ്റു സങ്കേതങ്ങൾ തേടേണ്ടിവന്നു. അന്ന് ഒരു കുരിശോല ലഭിക്കാൻ വിലങ്ങാടു നിന്ന് കുളത്തുവയൽ പള്ളിയിലേക്ക് നടന്നു പോയി നാല് ദിവസം കൊണ്ട് കുരിശോലയുമായി തിരികെ വന്ന് അത് വീതം വച്ച് പല കുടുംബങ്ങളിലും കുരിശപ്പമുണ്ടാക്കിയ അനുഭവ കഥ മുതിർന്ന തലമുറയുടെ ഓർമ്മയിലുണ്ട്.

വിലങ്ങാടിന്റെ അധ്യാത്മിക ഉണർവ്വിനു തുടക്കം കുറിച്ചതും ആദ്യകാല കുടിയേറ്റക്കാരുടെ ആത്മീയാവശ്യങ്ങൾ നിർവഹിച്ചു നൽകിയതും കോഴിക്കോട് രൂപതയിലെ വൈദികരായിരുന്നു. മരുതോങ്കരയിൽ നിന്നു വന്നിരുന്ന വൈദികർ അത്യാവശ്യ സഹായങ്ങൾ ചെയ്തു.

ഇന്ന് സിമിത്തേരിയിരിക്കുന്ന സ്ഥലം വിലങ്ങാട് പള്ളിക്കായി മാന്നാനം കമ്പനിക്കാർ സംഭാവന ചെയ്തതാണ്. അവിടെ ഒരു ഷെഡ്ഡ് നിർമിച്ച് ബലിയർപ്പണം നടത്തിയിരുന്നു. പിന്നീട് പള്ളിക്കായി സംഭാവനയായി ലഭിച്ച സ്ഥലത്ത് ഷെഡ്ഡ് കെട്ടി. വൈദികരില്ലാത്ത നാളുകളിൽ കൊന്തനമസ്ക്കാരത്തിലൂടെ അവർ വിശ്വാസം ജ്വലിപ്പിച്ചു. മാതാവിന്റെ നാമത്തിൽ പള്ളി പണിയാനാണ് ആദ്യം തീരുമാനിച്ചിരുന്നത്. എന്നാൽ സെമിത്തേരി സ്ഥലം തെളിച്ചപ്പോൾ പാമ്പിനെ കണ്ടത് ഒരു നിമിത്തമായി. വിശുദ്ധ ഗീവർഗീസ് സഹദായുടെ നാമത്തിൽ പള്ളി പണിയാൻ തീരുമാനിച്ചു.



ഫാ. അലക്സ് മണക്കാട്ടുമറ്റം

1954–ൽ തലശ്ശേരി രൂപത സ്ഥാപിതമായി. അതേത്തുടർന്ന് 1955–ൽ വിലങ്ങാട് ഇടവകയായി അംഗീകരിക്കപ്പെട്ടു. അന്ന് ഏകദേശം 75 കുടുംബങ്ങൾ വിലങ്ങാട് ഇടവകയിലുണ്ടായിരുന്നു. 1956–ൽ ഫാ. അലക്സ് മണക്കാട്ടുമറ്റത്തിന്റെ നേതൃത്വത്തിൽ കുടിയേറ്റ പിതാക്കന്മാരുടെ ശ്രമഫലമായി വിലങ്ങാട് പോസ്റ്റ് ഓഫീസ് ആരംഭിച്ചു. പള്ളി മുറിയിലായിരുന്നു പോസ്റ്റ് ഓഫീസ് പ്രവർത്തിച്ചിരുന്നത്. 1957–ൽ വിലങ്ങാട് എൽപി സ്കൂൾ ആരംഭിച്ചു. 1964–ൽ അത് യുപി സ്കൂളായി ഉയർത്തി. വികാരിയായിരുന്ന ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തിൽ വാൻ വാങ്ങി ഗതാഗതത്തിനായി വിട്ടുകൊടുത്തു. 1966–ൽ പള്ളി പണി പൂർത്തീകരിച്ചു. വിലങ്ങാട് പ്രദേശത്ത് കൊച്ചു കൊച്ചു വ്യാപാരശാലകൾ ഉയർന്നു വന്നത് 1965–66 കാലഘട്ടത്തിലാണ്. 1967–ൽ വിലങ്ങാട് സ്കൂൾ ഹൈസ്ക്കൂളായി ഉയർത്തി. 1974–ലാണ് ആദ്യമായി വിലങ്ങാട്ടേക്ക് ബസ് സർവീസ് ആരംഭിക്കുന്നത്.



ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തിൽ



ഫാ. അഗസ്റ്റിൻ കിഴുക്കരക്കാട്ട്

1982–ൽ വിലങ്ങാട് വൈദ്യുതിയെത്തി. വിലങ്ങാട് പുഴയ്ക്ക് പാലം വന്നതും വിലങ്ങാട് തിനൂർ വില്ലേജുകളുടെ രൂപീകരണവും കുടിയേറ്റ പൂർവികരുടെ ശ്രമഫലമാണ്. 1988–1995 കാലഘട്ടത്തിൽ ഫാ. അഗസ്റ്റിൻ കിഴുക്കരക്കാട്ട് വികാരിയായിരിക്കെയാണ് ഇപ്പോഴത്തെ പള്ളിയും പള്ളിമുറിയും പണികഴിപ്പിച്ചത്. 1990–ൽ ടെലിഫോൺ എക്സ്ചേഞ്ച് ആരംഭിച്ചു. വിലങ്ങാടിന്റെ കുടിയേറ്റ ചരിത്രത്തിൽ ചോരയും നീരും ഒഴുക്കി ഈ നാടിനെ കാനാൻ ദേശമാക്കിയ പൂർവികരുടെ സ്മരണയ്ക്കു പ്രണാമം.

## വിലങ്ങാടിന്റെ രക്തസാക്ഷി



മാത്യു കുളത്തിങ്കൽ

വിലങ്ങാട് ഉരുൾപൊട്ടലിൽ രക്ഷാപ്രവർത്തനത്തിനിടെ മരണമടഞ്ഞ മാത്യു കുളത്തിങ്കലെന്ന നാട്ടുകാരുടെ പ്രിയപ്പെട്ട മത്തായി മാഷിനെ വിലങ്ങാടിന്റെ രക്തസാക്ഷിയെന്നാണ് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ വിശേഷിപ്പിച്ചത്. മത്തായി മാഷിന്റെ സംസ്ക്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി സംസാരിക്കവെയായിരുന്നു ബിഷപ് ഇങ്ങനെ അഭിപ്രായപ്പെട്ടത്. 'നാടിനും നാട്ടുകാർക്കും ഏറെ പ്രിയങ്കരനായ മത്തായി മാഷ് നാടിനു വേണ്ടി രക്തസാക്ഷിയായി. സ്വർഗ്ഗത്തിലിരുന്ന് അദ്ദേഹം ഈ നാടിനും നാട്ടുകാർക്കുമായി മാധ്യസ്ഥം വഹിക്കും.' ബിഷപ് പറഞ്ഞു.

വിലങ്ങാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട ഏക വ്യക്തിയാണ് മാത്യു കുളത്തിങ്കൽ. നാട്ടിലെ സജീവ സാന്നിധ്യമായിരുന്നു അദ്ദേഹം. ഉരുൾപൊട്ടിയ പ്രദേശത്തു നിന്നു നൂറു മീറ്റർ അകലെയാണ് മത്തായി മാഷിന്റെ വീട്. അയൽവാസികളെ രക്ഷിക്കാൻ മറ്റുള്ളവരോടൊപ്പം ഇറങ്ങിത്തിരിച്ചപ്പോഴാണ് അപകടത്തിൽപെട്ടത്. മഞ്ഞച്ചീളിയിൽ നിന്നു രണ്ടു കിലോമീറ്റർ ദൂരെ മാറി, കണിപറമ്പിൽ സ്കറിയായുടെ വീടിനോടു ചേർന്നുള്ള പറമ്പിൽ നിന്നുമാണ് ദിവസങ്ങൾക്കുശേഷം മൃതദേഹം കണ്ടെത്തിയത്. ഉരുൾപൊട്ടലിൽ ഒഴുകി വന്ന മരത്തടികളിലും വള്ളിക്കെട്ടുകളിലും കുടുങ്ങിയ നിലയിലായിരുന്നു മൃതദേഹം. സ്വജീവൻ വില നൽകി മറ്റുള്ളവരുടെ ജീവൻ സംരക്ഷിക്കാൻ കാണിച്ച മാത്യു മാഷിന്റെ സ്നേഹത്തിന്റെ മുഖം ക്രിസ്തുവിന്റെ മുഖമാണ്. കുമ്പളച്ചോല ഗവ. എൽപി സ്കൂൾ റിട്ട. ഹെഡ്മാസ്റ്ററായിരുന്നു. ഭാര്യ: ഷൈനി. മക്കൾ: അജിൽ, അഖിൽ.



വിലങ്ങാട് ഉരുൾപൊട്ടലിൽ തകർന്ന ബസ് വെയ്റ്റിങ് ഷെഡ്

## സർക്കാരേ, ഇത് കാണുന്നില്ലേ?

ഉരുട്ടി പാലം, വാളൂക്ക് പാലം, മഞ്ഞച്ചീളിയിൽ ഉരുൾപൊട്ടലിനെത്തുടർന്ന് ഒലിച്ചു പോയ രണ്ടു പാലങ്ങൾ, വായാട് പാലം, പാലൂർ മുച്ചങ്കയം പാലം, മലയങ്ങാട് പാലം എന്നിങ്ങനെ ഉരുൾ പൊട്ടലിനെത്തുടർന്ന് വിലങ്ങാട് മേഖലയിൽ ആറു പാലങ്ങളാണ് തകർന്നത്. വിലങ്ങാട് അങ്ങാടിയിലെ പ്രധാന പാലമായ ഉരുട്ടിപ്പാലത്തിന്റെ തകർന്ന അപ്രോച്ച് റോഡ് ഇതുവരെയും പുനർ നിർമിച്ചിട്ടില്ല. തകർന്ന വായാട് പാലം അറ്റകുറ്റപ്പണികൾ നടത്തിയത് നാട്ടുകാരാണ്. മറ്റു പാലങ്ങൾ നന്നാക്കാനുള്ള ഒരു നടപടിയും ഒരു വർഷത്തിനിപ്പുറവും നടപ്പായിട്ടില്ല.

വയനാട് അതിർത്തിയോടു ചേർന്ന് പുല്ലുവ മുതൽ ഉരുട്ടി വാണിമേൽ വരെയുള്ള മലയോരഹൈവേ പൂർണമായും തകർന്നു. നാട്ടിലെ എല്ലാ ഗ്രാമീണ റോഡുകളും പൂർണമായും തകർന്നു കിടക്കുകയാണ്. വിലങ്ങാട് അങ്ങാടിക്കു സമീപം പള്ളിയുടെ മുൻവശത്ത് പ്രധാന റോഡിന്റെ പകുതിയോളംഭാഗം ഇടിഞ്ഞ് പുഴയിൽവീണു. ഒരു വർഷമായിട്ടും ഇത് നന്നാക്കിയിട്ടില്ല.



VIMALA BOOK CENTRE
AMALAPURI, KOZHIKODE - 673 001
ക്രിസ്തീയ ഭക്തവസ്തുക്കളുടെ ശേഖരം
തിരുവസ്ത്രങ്ങൾ, രൂപങ്ങൾ, സക്രാരി, കാസ, പീലാസ, ഫോട്ടോ ഫ്രെയിം, പ്രാർത്ഥനാ പുസ്തകങ്ങൾ, ജപമാല, ഭക്തവസ്തുക്കൾ Etc..
TIME: 9.30 AM TO 6.00 PM
+91 8089 423 888/0495 276 12 07

# ജൂബിലി വർഷത്തിൽ കൂട്ടായ്മയുടെ മാതൃകയായി താമരശ്ശേരി രൂപത

**താമരശ്ശശേരി** ● ആഗോള സഭയിൽ മാർ പാപ്പ പ്രഖ്യാപിച്ച ജൂബിലി വർഷത്തിൽ താമരശ്ശേരി രൂപതാ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിന്റെ നേതൃത്വത്തിൽ രൂപതയിലെ 130 വൈദികർ ഒന്നിച്ച് വേളാങ്കണ്ണി തീർത്ഥാടനം നടത്തി. താമരശ്ശേരി രൂപതയിലെ വൈദിക കൂട്ടായ്മയുടെ ഐക്യം വിളിച്ചോതിയ തീർത്ഥാടനം നവംബർ 24-ന് താമരശ്ശേരിയിൽ നിന്ന് ആരംഭിച്ച് 25-ന് പുലർച്ചെ വേളാങ്കണ്ണിയിൽ എത്തിച്ചേർന്നു. ആത്മീയ നവീകരണത്തിന് ഊന്നൽ നൽകി കുമ്പസാരം, കുരിശിന്റെ വഴി, ജപമാല, പരിഹാര പ്രദക്ഷിണം എന്നിവ നടത്തി. വേളാങ്കണ്ണിയിലെ വിവിധ ദേവാലയങ്ങൾ സന്ദർശിച്ചു.

നവംബർ 25-ന് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിന്റെ മുഖ്യകാർമികത്വത്തിൽ കൃതജ്ഞതാ ബലിയർപ്പിച്ചു. പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന ഫാ. അബ്രഹാം കാവിൽപുരയിടത്തിൽ, ഫാ. ജോർജ് കളത്തൂർ, ഫാ. ആന്റോ മൂലയിൽ, ഫാ. ജോസഫ് മുകളേപ്പറമ്പിൽ, ഫാ. ജോസഫ് പുത്തേട്ടുപടവിൽ, ഫാ. ആന്റണി ചെന്നിക്കര, ഫാ. ഫ്രാൻസിസ് കൊച്ചുമുണ്ടൻമലയിൽ, ഫാ. ജോസ് പെണ്ണാപറമ്പിൽ, വിശ്രമ ജീവിതത്തിനൊരുങ്ങുന്ന ഫാ. മാത്യു കണ്ടശാംകുന്നേൽ എന്നിവരെ അനുമോദിച്ചു.

തഞ്ചാവൂർ രൂപതയുടെ പാസ്റ്ററൽ സെന്റർ തീർത്ഥാടക സംഘം സന്ദർശിച്ചു. നവംബർ 27-ന് താമരശ്ശേരിയിൽ തിരിച്ചെത്തി.

വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ, ചാൻസലർ ഫാ. സുബിൻ കാവളക്കാട്ട്, ഫിനാൻസ് ഓഫീസർ ഫാ. ബെന്നി മുണ്ടനാട്ട്, ഫാ. സായി പാറൻകുളങ്ങര, ഫാ. ജിൽസ് കാരികുന്നേൽ എന്നിവർ തീർത്ഥാടനത്തിന് നേതൃത്വം നൽകി.


ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിലിനൊപ്പം താമരശ്ശേരി രൂപതാ വൈദികർ വേളാങ്കണ്ണിയിൽ


പോപ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിച്ച സൗജന്യ ഹെൽപ്പ് ലൈൻ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്യുന്നു

## സൗജന്യ ഹെൽപ്പ് ലൈൻ ആരംഭിച്ചു

**കോഴിക്കോട്** ● മാനസിക സംഘർഷങ്ങൾ അനുഭവിക്കുന്നവർക്കായി താമരശ്ശേരി രൂപതയുടെ മാനസികാരോഗ്യകേന്ദ്രമായ പോപ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ സൗജന്യ ഹെൽപ്പ് ലൈൻ (HOPE LINE, 0495 352 3636) ആരംഭിച്ചു. താമരശ്ശേരി രൂപതാ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. ആത്മഹത്യ പ്രവണതകൾ വർദ്ധിക്കുന്ന ഈ കാലഘട്ടത്തിൽ മാനസിക സമ്മർദ്ദം അനുഭവിക്കുന്നവർക്ക് താങ്ങാകുവാൻ ഹോപ്പ് ലൈനിലൂടെ സാധിക്കുമെന്ന് ബിഷപ് പറഞ്ഞു.

ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ റവ. ഡോ. കുര്യൻ പുരമഠം, ചേവായൂർ എസ്ഐ ഏലിയാസ്, ഫാ. റോയി തേക്കുംകാട്ടിൽ, ഫാ. ജോജി എന്നിവർ പ്രസംഗിച്ചു. മാനസിക സംഘർഷം അനുഭവിക്കുന്നവർക്ക് ഹെൽപ്പ് ലൈൻ നമ്പറിൽ വിളിച്ച് വിദഗ്ധരായ കൗൺസിലർമാരുടെ സേവനം സൗജന്യമായി നേടാം.



വൈദികർക്കായുള്ള ഡബിൾസ് ബാഡ്മിന്റൻ ടൂർണമെന്റിൽ വിജയികളായവർ

## ആവേശോജ്ജ്വലം, വൈദികരുടെ ബാഡ്മിന്റൺ മത്സരം

**തോട്ടുമുക്കം** ● സെന്റ് തോമസ് ഫൊറോന പള്ളിയും കെസിവൈഎം യൂണിറ്റും 'സ്മാഷ്' ബാഡ്മിന്റൻ കൂട്ടായ്മയും സംയുക്തമായി സംഘടിപ്പിച്ച വൈദികർക്കായുള്ള ഡബിൾസ് ബാഡ്മിന്റൻ ടൂർണമെന്റിൽ ഫാ. മനോജ് കൊച്ചുമുറിയിൽ – ഫാ. ബെന്നി കാരക്കാട്ട് സഖ്യം ചാമ്പ്യന്മാരായി. 20 വൈദികർ പങ്കെടുത്ത ആവേശപ്പോരാട്ടത്തിൽ ഫാ. നിധിൻ മറ്റത്തിൽ – ഫാ. ടോബി താന്നിപ്പിള്ളി എംസിബിഎസ് ടീം രണ്ടാം സ്ഥാനവും ഫാ. ജോസ് കരോട്ടുഴുന്നാലിൽ – ഫാ. ഷെറിൻ പുത്തൻപുരയ്ക്കൽ ടീം മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഫാ. ഷെനീഷ് താന്നിക്കൽ – ഫാ. ജോയൽ കുമ്പുക്കൽ ടീം നാലം സ്ഥാനം നേടി.

ഒന്നാം സ്ഥാനക്കാർക്ക് 5000 രൂപയും ട്രോഫിയും അരീക്കോട് ബി& ബി ഗ്രൂപ്പാണ് സ്പോൺസർ ചെയ്തത്. മറ്റു സമ്മാനങ്ങൾ തോട്ടുമുക്കം ഒ.എ. ട്രേഡേഴ്സ്, മുക്കം ടയേഴ്സ് എന്നിവർ സ്പോൺസർ ചെയ്തു. വിജയികൾക്ക് കൂടരഞ്ഞി വികാരി ഫാ. വിനോയ് പുരയിടത്തിൽ ട്രോഫികൾ സമ്മാനിച്ചു.

തോട്ടുമുക്കം സ്മാഷ് ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന മത്സരങ്ങൾക്ക് തോട്ടുമുക്കം ഫൊറോന അസി. വികാരി ഫാ. ജിജോ മേലാറ്റിൽ, കെ.സി.വൈ.എം, സ്മാഷ് ഭാരവാഹികൾ, കൈക്കാരന്മാർ എന്നിവർ നേതൃത്വം നൽകി.


അൽഫോൻസാ കോളജിൽ നടന്ന നാഷണൽ ഇന്റർ കോളീജിയറ്റ് ഫെസ്റ്റ് 'ആക്ടിസൺ 2025'ന്റെ ഭാഗമായി സംഘടിപ്പിച്ച ഫുട്ബോൾ ടൂർണമെന്റിൽ വിജയികളായ ബത്തേരി അൽഫോൻസാ കോളജ് ടീം

## ഇഗ്നൈറ്റ് മെഗാ ക്വിസ്: സിസ്റ്റർ റോസ്മിൻ, സിസ്റ്റർ അമൽ വിജയികൾ

**താമരശ്ശശേരി** ● റൂബി ജൂബിലിയോടാനുബന്ധിച്ചു എഫ്എസ്ടിയുടെ നേതൃത്വത്തിൽ രൂപതയിലെ സിസ്റ്റേഴ്സിനായി സംഘടിപ്പിച്ച ഇഗ്നൈറ്റ് മെഗാ ക്വിസ് മത്സരത്തിൽ സിസ്റ്റർ റോസ്മിൻ സിഎംസി, സിസ്റ്റർ അമൽ സിഎംസി എന്നിവർ ഒന്നാം സ്ഥാനം നേടി. സിസ്റ്റർ അർപ്പിത സിഎംസി, സിസ്റ്റർ അനു ട്രീസ സിഎംസി എന്നിവർ രണ്ടും സിസ്റ്റർ രമ്യഎഫ്സിസി, സിസ്റ്റർ ദീപ എഫ്സിസി എന്നിവർ മൂന്നും സ്ഥാനങ്ങൾ നേടി.

രൂപത വികാരി ജനറൽ മോൺ. അബ്രഹാം വയലിൽ ഉദ്ഘാടനം ചെയ്തു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ സമ്മാനദാനം നിർവഹിച്ചു. ചാൻസലറും എഫ്.എസ്.ടി. ഡയറക്ടറുമായ ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട് ആശംസകളർപ്പിച്ചു. വിവിധ കോൺഗ്രിഗേഷനുകളിൽ നിന്നുള്ള സിസ്റ്റേഴ്സ് പങ്കെടുത്തു. ഫാ. നിധിൻ കരിന്തോളിൽ മത്സരം നിയന്ത്രിച്ചു. സിസ്റ്റർ ഉദയ, സിസ്റ്റർ മെൽവിൻ, സിസ്റ്റർ സെലസ്റ്റി എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

## ബത്തേരി അൽഫോൻസാ കോളജ് ജേതാക്കൾ

**തിരുവമ്പാടി** ● അൽഫോൻസാ കോളജിൽ നടന്ന നാഷണൽ ഇന്റർ കോളീജിയറ്റ് ഫെസ്റ്റ് 'ആക്ടിസൺ 2025'ന്റെ ഭാഗമായി സംഘടിപ്പിച്ച ഫുട്ബോൾ ടൂർണമെന്റിൽ കോഴിക്കോട് സെന്റ് സേവിയേഴ്സ് കോളേജിനെ 2–0 ന് കീഴടക്കി ബത്തേരി അൽഫോൻസാ കോളജ് ജേതാക്കളായി. രണ്ടു ദിവസങ്ങളിലായി എട്ടു ടീമുകൾ മാറ്റുരച്ച ടൂർണമെന്റിൽ അൽഫോൻസാ കോളജ് ബത്തേരിയുടെ ദേവൻ മികച്ച കളിക്കാരനായും അഖിൽ മികച്ച ഗോൾകീപ്പറായും തിരഞ്ഞെടുക്കപ്പെട്ടു. വിജയികൾക്കുള്ള സമ്മാനദാനം കോളേജ് പ്രിൻസിപ്പൽ ഡോ. ഷൈജു ഏലിയാസ്, വൈസ് പ്രിൻസിപ്പൽ എം. സി. സെബാസ്റ്റ്യൻ എന്നിവർ ചേർന്ന് നിർവഹിച്ചു. ഫെസ്റ്റിന് മുന്നോടിയായി നടന്ന മാരത്തൻ മത്സരത്തിൽ സഞ്ജയ് മോൻ (മലബാർ സ്പോർട്സ് അക്കാദമി), മുഹമ്മദ് എ (മലബാർ സ്പോർട്സ് അക്കാദമി), മുഹമ്മദ് നിഹാൽ (സെന്റ് സെബാസ്റ്റ്യൻസ് എച്ച്എസ്എസ് കൂടരഞ്ഞി) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

രൂപതാ വാർത്തകൾ,
സഭാ വാർത്തകൾ,
മറ്റു വിശേഷങ്ങൾ എന്നിവയ്ക്കായ്
QR കോഡ് സ്കാൻ ചെയ്യൂ

# കുടിയേറ്റ ശതാബ്ദി സ്മരണയിൽ



താമരശ്ശേരി രൂപത റൂബി ജൂബിലിയോടനുബന്ധിച്ച് കോഴിക്കോട് ടൗൺ ഹാളിൽ സംഘടിപ്പിച്ച മലബാർ കുടിയേറ്റ ശതാബ്ദി സിമ്പോസിയം കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യുന്നു

## മലബാറിന്റെ കൃഷിരീതി മാറ്റിയത് കുടിയേറ്റക്കാർ: കേന്ദ്ര മന്ത്രി ജോർജ് കുര്യൻ

ഭൂമി കാര്യക്ഷമമായി കൃഷിക്ക് എങ്ങനെ ഉപയോഗിക്കാം എന്ന് കാണിച്ചുതന്നവരാണ് കുടിയേറ്റ ജനതയെന്ന് കേന്ദ്ര ന്യൂനപക്ഷ സഹമന്ത്രി ജോർജ് കുര്യൻ. മലബാർ കുടിയേറ്റ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി റൂബി ജൂബിലിയോടനുബന്ധിച്ച് താമരശ്ശേരി രൂപത കോഴിക്കോട് ടൗൺ ഹാളിൽ സംഘടിപ്പിച്ച സിമ്പോസിയം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഉപയോഗിക്കപ്പെടാതെ കിടന്ന പ്രകൃതി വിഭവങ്ങൾ രാജ്യത്തിന് ഗുണകരമായ രീതിയിൽ ഉപയോഗിക്കാമെന്ന് കുടിയേറ്റ ജനത കാണിച്ചു തന്നു. കൃഷിയുടെ വൈവിധ്യങ്ങൾ മലബാറിന് പരിചയപ്പെടുത്തി. കപ്പയും മീനും കേരളത്തിലെ മുഖ്യ ആഹാരങ്ങളിലൊന്നായത് കുടിയേറ്റത്തിന്റെ ഫലമായാണ്. ഇടവിള കൃഷിയെ സ്വാഭാവിക കൃഷിരീതിയാക്കി മാറ്റിയതും മലബാറിന്റെ അടിസ്ഥാന സൗകര്യ വികസനം, ആരോഗ്യ-വിദ്യാഭ്യാസ രംഗത്തെ പുരോഗതി എന്നിവയ്ക്കെല്ലാം ചുക്കാൻ പിടിച്ചതും ഇവിടുത്തെ കുടിയേറ്റ സമൂഹമാണ് – ജോർജ് കുര്യൻ പറഞ്ഞു. കുടിയേറ്റ ജനത സൗമ്യസമൂഹമായി പരക്കെ അംഗീകരിക്കപ്പെടുന്നു. കുടിയേറ്റ ജനതയെ സ്വീകരിക്കാൻ മലബാറിലെ സമൂഹം കാണിച്ച സൗമ്യതയും എടുത്തു പറയേണ്ടതാണ് – അദ്ദേഹം കൂട്ടിച്ചേർത്തു.

ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അധ്യക്ഷത വഹിച്ചു. കുടിയേറ്റ ജനത മലബാറിന് നൽകിയ സംഭാവനകളും സേവനങ്ങളും അനുസ്മരിക്കാനുള്ള സമയമാണിത്. മലബാറിന്റെ ചരിത്രം മാറ്റിയെഴുതാൻ കുടിയേറ്റ ജനതയ്ക്ക് കഴിഞ്ഞു. വൈദികരുടെ നേതൃത്വവും സന്യസ്തരുടെ പരിശ്രമങ്ങളും അൽമായരുടെ കഠിനാദ്ധ്വാനവും മലബാറിനെ വിസ്മയകരമായ രീതിയിൽ വളർത്തി – ബിഷപ് പറഞ്ഞു.

**റൂബി ജൂബിലി വിശേഷങ്ങൾ**

റൂബി ജൂബിലി കൺവീനർ ഫാ. ജോൺ ഒറവുങ്കര, രൂപതാ പ്രൊക്യുറേറ്റർ ഫാ. ബെന്നി മുണ്ടനാട്ട് എന്നിവർ പ്രസംഗിച്ചു. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളജ് ചരിത്ര വിഭാഗം മേധാവി ഡോ. പി. ജെ. വിൻസെന്റ്, കണ്ണൂർ യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസേർച്ച് ഇൻ സയൻസ് ആന്റ് ഹ്യുമാനിറ്റീസ് ഡയറക്ടർ ഡോ. ജോയി വർക്കി എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. തുടർന്ന് നടന്ന ഗ്രൂപ്പ് ചർച്ചയ്ക്ക് പുൽപ്പള്ളി പഴശ്ശിരാജാ കോളജ് ചരിത്ര വിഭാഗം അസോസിയേറ്റ് പ്രഫസർ ഡോ. ജോഷി മാത്യു, കോഴിക്കോട് സെന്റ് സേവ്യേഴ്സ് കോളജ് പ്രിൻസിപ്പൽ ഡോ. സി. ജെ. ജോർജ്, കത്തോലിക്കാ കോൺഗ്രസ് രൂപതാ പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ എന്നിവർ നേതൃത്വം നൽകി. കെ. എഫ്. ജോർജ് മോഡറേറ്ററായിരുന്നു.



## ക്രൈസ്തവ സഭകൾ പുരോഗതിക്ക് അടിത്തറയിട്ടു: എം. കെ. രാഘവൻ എംപി



എം. കെ. രാഘവൻ എംപി



ഡോ. വർഗീസ് ചക്കാലക്കൽ

കേരളത്തിന്റെ നവോത്ഥാന മുന്നേറ്റത്തിന് ക്രൈസ്തവ സഭ നൽകിയ സംഭാവനകൾ നിഷേധിക്കാൻ കഴിയില്ലെന്നും നാടിന്റെ പുരോഗതിക്ക് അടിത്തറയിട്ടത് ക്രൈസ്തവ സഭകളാണെന്നും എം. കെ. രാഘവൻ എംപി. മലബാർ കുടിയേറ്റ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി റൂബി ജൂബിലിയോടനുബന്ധിച്ച് താമരശ്ശേരി രൂപത കോഴിക്കോട് ടൗൺ ഹാളിൽ സംഘടിപ്പിച്ച പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മലബാറിൽ ഇന്നു കാണുന്ന മാറ്റങ്ങൾക്ക് കാരണമായത് കുടിയേറ്റമാണ്. കുടിയേറ്റ പൂർവികർ മലബാറിന്റെ പുണ്യമാണ്. പുത്തൻ കാർഷിക സംസ്ക്കാരം മലബാറിനു പരിചയപ്പെടുത്തി എന്നതാണ് കുടിയേറ്റ ജനതയുടെ വലിയ സംഭാവന– എം. കെ. രാഘവൻ എംപി കൂട്ടിച്ചേർത്തു.

കോഴിക്കോട് അതിരൂപത ആർച്ച് ബിഷപ് ഡോ. വർഗീസ് ചക്കാലക്കൽ അധ്യക്ഷത വഹിച്ചു. ചരിത്രം വിസ്മരിക്കുന്നത് ഏറ്റവും മോശം കാര്യമാണെന്നും ചരിത്രം പഠിക്കാൻ ശ്രമിക്കുമ്പോഴാണ് വളർച്ചയുണ്ടാകുന്നതെന്നും ആർച്ച് ബിഷപ് അഭിപ്രായപ്പെട്ടു. '1923–ലാണ് കോഴിക്കോട് രൂപത സ്ഥാപിതമാകുന്നത്. 1925 മുതൽ മലബാറിലേക്ക് കുടിയേറ്റം ആരംഭിച്ചു. ദൈവവിശ്വാസം മാത്രമായിരുന്നു കുടിയേറ്റക്കാർക്ക് കൈമുതലായുണ്ടായിരുന്നത്. മലബാറിലേക്ക് കുടിയേറിയവർക്ക് അവരുടെ ആധ്യാത്മിക, ഭൗതകി, സാംസ്ക്കാരിക, വിദ്യാഭ്യാസ മേഖലകളിൽ സഹായം നൽകുവാൻ കോഴിക്കോട് രൂപതയ്ക്കായി.' – അദ്ദേഹം കൂട്ടിച്ചേർത്തു.

ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ഇന്നത്തെ സൗഭാഗ്യങ്ങൾ പൂർവികർ ചെയ്ത ത്യാഗത്തിന്റെ ഫലമാണെന്നും പൂർവികരുടെ ത്യാഗവും പരിശ്രമങ്ങളും പുതുതലമുറയെ ബോധ്യപ്പെടുത്തുക നമ്മുടെ ഉത്തരവാദിത്വമാണെന്നും ആശംസാ പ്രസംഗത്തിൽ തോട്ടത്തിൽ രവീന്ദ്രൻ എംഎൽഎ അഭിപ്രായപ്പെട്ടു.

വികാരി ജനറൽ മോൺ. അബ്രാഹം വയലിൽ, പ്രഫ. ജയപ്രകാശ് രാഘവയ്യ, എന്നിവർ പ്രസംഗിച്ചു. ഫാ. തോമസ് പന്തപ്ലാക്കൽ സിഎംഐ, വർഗീസ് തോട്ടയ്ക്കാട്, ജോസ് ഞള്ളിമാക്കൽ എന്നിവരെ ആദരിച്ചു. റൂബി ജൂബിലി കൺവീനർ ഫാ. ജോൺ ഒറവുങ്കര, കുടിയേറ്റ ശതാബ്ദി ആഘോഷക്കമ്മിറ്റി കൺവീനർ ഫാ. ബിനു കുളത്തിങ്കൽ എന്നിവർ നേതൃത്വം നൽകി.



കുടുംബക്കൂട്ടായ്മയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'ഇടയനോടൊപ്പം' ക്രിസ്മസ് ആഘോഷ പരിപാടിയിൽ നിന്ന്

## ഊർജം പകർന്ന് സംഗമങ്ങൾ

റൂബി ജൂബിലിയോടനുബന്ധിച്ച് കുടുംബക്കൂട്ടായ്മ രൂപതാ സമിതിയുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. കുടുംബക്കൂട്ടായ്മ ഫൊറോന സംഗമങ്ങൾ വിവിധ ഫൊറോനകളിൽ നടത്തി. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ സംഗമങ്ങളിൽ പങ്കെടുത്തു. നാൽപതാം ജന്മദിനം ആഘോഷിക്കുന്നവരെയും വിവാഹ, പൗരോഹിത്യ, സന്യസ്ത ജീവിതത്തിൽ നാൽപതു വർഷം പൂർത്തിയാക്കിയവരെയും ഇടവകാതലത്തിൽ ആദരിച്ചു. വചന വെയിൽ എന്ന പേരിൽ മുൻകൂട്ടി നൽകിയ നാൽപത് ബൈബിൾ വചനങ്ങൾ ആസ്പദമാക്കിയ ക്വിസ് മത്സരം ഇടവക, ഫൊറോന, രൂപതാ തലത്തിൽ സംഘടിപ്പിച്ചു.

'ഇടയനോടൊപ്പം' എന്ന പേരിൽ രൂപതയിലെ ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്നവരുടെയും കുടുംബാംഗങ്ങളുടെയും ക്രിസമസ് ആഘോഷം പുതുപ്പാടി സെന്റ് ജോർജ് പാരിഷ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു.

പുതുപ്പാടി ഇടവക വികാരി ഫാ. ജോർജ് കളത്തൂർ, കുടുംബക്കൂട്ടായ്മ രൂപതാ ഡയറക്ടർ ഫാ. ജിനോയ് പനക്കൽ, മേഖല ഡയറക്ടർ ഫാ. മിൽട്ടൻ മുളങ്ങാശ്ശേരി, സിഒഡി ഡയറക്ടർ ഫാ. സായി പാറൻകുളങ്ങര, രൂപതാ പ്രസിഡന്റ് പ്രകാശ് പുളിക്കേക്കര, പ്രോഗ്രാം കോ-ഓർഡിനേറ്റർ മനോജ്, രൂപതാ സെക്രട്ടറി മേരിക്കുട്ടി, രക്ഷിതാക്കളുടെ പ്രതിനിധി രുഗ്മിണിയമ്മ എന്നിവർ പ്രസംഗിച്ചു. ഭിന്നശേഷിക്കാരും കുടുംബാംഗങ്ങളുമായി 313 പേർ സംഗമത്തിൽ പങ്കെടുത്തു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ക്രിസ്മസ് സമ്മാനം നൽകി.


















SILVER JUBILEE GREETINGS

## നാഷണൽ ഡിഫൻസ് അക്കാദമി, കേന്ദ്ര സർവകലാശാലകൾ

# ഇപ്പോൾ അപേക്ഷിക്കാം

**നാഷണൽ ഡിഫൻസ് അക്കാഡമിയുടെ ആർമി, നേവി, എയർഫോഴ്സ് വിഭാഗത്തിലെ കോഴ്സുകൾക്കും, നേവൽ അക്കാഡമിയുടെ കോഴ്സിലേക്കും കേന്ദ്ര സർവകലാശാലകളിലേക്കും ഇപ്പോൾ അപേക്ഷിക്കാം**



### വിദ്യാധനം

പ്രഫ. ചാർലി കട്ടക്കയം

എൻ.ഡി.എ ആന്റ് എൻ എ (NDA & NA 2026) പരീക്ഷകൾക്ക് അപേക്ഷകൾ ക്ഷണിച്ചിരിക്കുകയാണ്. സൗജന്യ പഠന പരിശീലനത്തിലൂടെ ആർമി, നേവി, എയർഫോഴ്സ് മേഖലകളിൽ കമ്മീഷൻഡ് ഓഫീസർ പോസ്റ്റുകളിൽ നിയമനത്തിനാണ് അവസരം ലഭിക്കുന്നത്. പഠനം, താമസം, ഭക്ഷണം, ചികിത്സ, പുസ്തകങ്ങൾ തുടങ്ങി എല്ലാ ചിലവുകളും സർക്കാർ വഹിക്കും. കൂടാതെ മലയാളി വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന രണ്ട് ലക്ഷം രൂപയുടെ സ്കേളർഷിപ്പും ലഭിക്കും. പെൺകുട്ടികൾക്കും കോഴ്സിന് അപേക്ഷിക്കാം.

എൻഡിഎയിലെ പരിശീലനത്തോടൊപ്പം ജവഹർലാൽ നെഹ്റു സർവകലാശാല നൽകുന്ന ബിടെക്/ ബിഎസ്സി/ ബിഎ തുടങ്ങിയ കോഴ്സുകളിൽ ഏതെങ്കിലും ഒന്നിൽ ചേർന്ന് ബിരുദവും നേടാം. എൻഡിഎ യുടെ ആർമി, നേവി, എയർഫോഴ്സ് വിഭാഗങ്ങളിലെ കോഴ്സുകളിലേക്കും, നേവൽ അക്കാഡമിയുടെ കോഴ്സിലേക്കുമാണ് പ്രവേശനം. ഏപ്രിൽ 12 നാണ് എഴുത്തുപരീക്ഷ യു.പി.എസ്.സിക്കാണ് പരീക്ഷാ ചുമതല.

### യോഗ്യത

ആർമിവിങ്ങിലേക്ക് പ്ലസ്ടുവിന് ഏത് സ്ട്രീമിൽ പഠിച്ചവർക്കും അപേക്ഷിക്കാം. നേവി, എയർഫോഴ്സ് വിഭാഗങ്ങളിൽ ചേരാൻ പ്ലസ്ടുവിന് മാത്താമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി എന്നിവ നിർബന്ധമായും പഠിച്ചിരിക്കണം. ഇപ്പോൾ പ്ലസ്ടുവിന് പഠിക്കുന്നവർക്കും അപേക്ഷിക്കാം. അപേക്ഷകർ 2007 ജൂലൈ ഒന്നിനും 2010 ജൂലൈ ഒന്നിനും ഇടയിൽ ജനിച്ചവരായിരിക്കണം.

### പരീക്ഷയും പ്രവേശനവും

എഴുത്തു പരീക്ഷ, സർവീസ് സെലക്ഷൻ ബോർഡ് (എസ്.എസ്.ബി) നടത്തുന്ന ഇന്റർവ്യൂ എന്നിവ വഴിയാണ് പ്രവേശനം. എഴുത്തു പരീക്ഷയ്ക്ക് ഒബ്ജക്റ്റീവ് ചോദ്യങ്ങൾ അടങ്ങിയ രണ്ട് പേപ്പറുകൾ ഉണ്ടാകും. ഓരോന്നിനും രണ്ടര മണിക്കൂർ സമയം. ആദ്യ പേപ്പറായ മാത്തമാറ്റിക്സിൽ 300 മാർക്കിനും രണ്ടാം പേപ്പറായ ജനറൽ എബിലിറ്റി ടെസ്റ്റിൽ 600 മാർക്കിനും ചോദ്യങ്ങളുണ്ടാകും. ജനറൽ എബിലിറ്റി ടെസ്റ്റിൽ ഇംഗ്ലീഷ് പൊതുവിഞ്ജാനം എന്നിവയാണുണ്ടാകുക. 100 രൂപയാണ് പരീക്ഷ ഫീസ്. വനിതകൾക്കും പിന്നോക്ക വിഭാഗക്കാർക്കും ഫീസില്ല. കേരളത്തിൽ കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങളിൽ പരീക്ഷ കേന്ദ്രങ്ങൾ ഉണ്ട്.

### ഇന്റർവ്യൂ

എഴുത്തുപരീക്ഷയിൽ നിശ്ചിതശതമാനം മാർക്ക് ലഭിക്കുന്നവരെ രണ്ടാം ഘട്ടമായ എസ്.എസ്.ബി ഇന്റർവ്യൂവിന് ക്ഷണിക്കും. ഇന്റലിജൻസ് ആന്റ് പേഴ്സണാലിറ്റി ടെസ്റ്റ് എന്നാണ് ഇന്റർവ്യൂ അറിയപ്പെടുന്നത്. ഇന്റർവ്യൂവിന്



900 മാർക്കുണ്ട് അഞ്ച് ദിവസം നീണ്ടുനിൽക്കുന്ന ഇന്റർവ്യൂവിൽ വിശദമായ വ്യക്തിത്വ പരിശോധനയും കായികക്ഷമത പരീക്ഷയും ഉണ്ടാകും. ആദ്യമായി ഇന്റർവ്യൂവിൽ പങ്കെടുക്കുന്നവർക്ക് യാത്രാ ചിലവും മറ്റും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് www.joinindianarmy.gov.in, www.upsconline.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

## കേന്ദ്ര സർവ്വകലാശാലകളിൽ പഠിക്കാം

സെൻട്രൽ യൂണിവേഴ്സിറ്റികളടക്കം രാജ്യത്തെ പ്രമുഖ സ്ഥാപനങ്ങളിൽ വിവിധ പി.ജി കോഴ്സുകൾക്കുള്ള അഡ്മിഷൻ ടെസ്റ്റിന് (CUETPG26) ജനുവരി 14 ന് മുമ്പ് അപേക്ഷിക്കണം.

രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലുമുള്ള സെൻട്രൽ യൂണിവേഴ്സിറ്റികൾക്ക് പുറമേ നിരവധി സ്റ്റേറ്റ്, പ്രൈവറ്റ്, ഡീംഡ് യൂണിവേഴ്സിറ്റികളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രമുകളുടെ പ്രവേശന പരീക്ഷയാണ് കോമൺ യൂണിവേഴ്സിറ്റി അഡ്മിഷൻ ടെസ്റ്റ്. നാഷണൽ ടെസ്റ്റിങ് ഏജൻസി (എൻടിഎ) യ്ക്കാണ് പരീക്ഷ നടത്തിപ്പിന്റെ ചുമതല. പരീക്ഷ നടത്തി സ്കോർ കാർഡ് തയ്യാറാക്കുകയാണ് എൻടിഎ ചെയ്യുന്നത്. ഓരോ സ്ഥാപനത്തിലും അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ സ്കോറുകൾ പരിഗണിച്ച് അതാത് സ്ഥാപനങ്ങളാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. അതിനാൽ താൽപര്യമുള്ള സ്ഥാപനങ്ങളിലേക്ക് പ്രത്യേക അപേക്ഷയും സമർപ്പിക്കണം.

### യോഗ്യത



ബിരുദം പൂർത്തിയാക്കിയവർക്കും ഈ വർഷം അവസാനവർഷ പരീക്ഷ എഴുതുന്നവർക്കും അപേക്ഷിക്കാം. പരീക്ഷ എഴുതാൻ പ്രായപരിധിയില്ല. ചില സ്ഥാപനങ്ങൾക്ക് പ്രായപരിധി ഉള്ളത് ബാധകമാണ്. പരീക്ഷയ്ക്ക് 27 ഓളം വിഷയങ്ങൾ ഉള്ളതിൽ ഒരേ സമയം 4 വിഷയങ്ങൾക്ക് വരെ പരീക്ഷ എഴുതാം. 1400 രൂപയാണ് ഒരു പേപ്പറിന് പരീക്ഷ ഫീസ്. ഓരോ അധിക പേപ്പറിനും 700 രൂപ അടയ്ക്കണം.

### പ്രധാന സ്ഥാപനങ്ങൾ

ഔദ്യോഗിക വെബ് സൈറ്റിൽ സിയുഇടി വഴി പ്രവേശനം ലഭ്യമാകുന്ന സർവകലാശാലകളുടെ ലിങ്ക് ലഭ്യമാണ്. ഈ ലിങ്ക് വഴി ഓരോ സർവകലാശാലയിലും ലഭ്യമാകുന്ന പ്രോഗ്രാമുകളും ഓരോ പ്രോഗ്രാമിന്റെയും പ്രവേശന യോഗ്യതയും മനസിലാക്കിവേണം അപേക്ഷിക്കുവാൻ. കാസർഗോഡ് സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള, സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് – ബീഹാർ, രാജസ്ഥാൻ, തമിഴ്നാട്, കശ്മീർ, പഞ്ചാബ്, ഒഡീഷ, ഗുജറാത്ത് തുടങ്ങിയവ മികച്ച സ്ഥാപനങ്ങളാണ്.

### പരീക്ഷ കേന്ദ്രങ്ങൾ

കേരളത്തിൽ എല്ലാ ജില്ലകളിലും പരീക്ഷ കേന്ദ്രങ്ങളുണ്ട്. ഒന്നിലധികം ഷിഫ്റ്റുകളിലായാണ് പരീക്ഷ നടക്കുന്നത്. 75 മൾട്ടിപ്പിൾ ചോയിസ് ചോദ്യങ്ങളുള്ള കംപ്യൂട്ടർ അധിഷ്ഠിത പരീക്ഷയാണിത്. ഒന്നരമണിക്കൂർ സമയം. നെഗറ്റീവ് മാർക്ക് ഉണ്ട്.

### ഡിഗ്രി പ്രോഗ്രാമുകൾ

ഇന്റർഗ്രേറ്റഡ്/ ഡിഗ്രി പ്രോഗ്രാമുകൾക്കും, ഗവേഷണ പ്രോഗ്രാമുകൾക്കുമുള്ള സി.യു.സി. ഇ.ടി(സെൻട്രൽ യൂണിവേഴ്സിറ്റി കോമൺ എൻട്രൻസ് ടെസ്റ്റ്) പരീക്ഷയ്ക്കുള്ള പ്രഖ്യാപനവും ഉടൻ ഉണ്ടാകും. പ്ലസ്ടു അടിസ്ഥാന യോഗ്യതയുള്ളവർക്ക് ഡിഗ്രി പ്രോഗ്രാമുകൾക്കും ഇന്റർഗ്രേറ്റഡ് ഡിഗ്രി പ്രോഗ്രാമുകൾക്കും അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്– exams.nta.ac.in ൽ ലഭ്യമാണ്.


## വീട്ടിലിരുന്നും പരസ്യം നൽകാം

● ജന്മദിനം ● വിവാഹം ● വിവാഹവാർഷികം ● ചരമം ● മാമ്മോദീസ ● ആദ്യ കുർബാന സ്വീകരണം

പരസ്യങ്ങൾ വാട്സാപ് വഴി നൽകുവാനുള്ള സൗകര്യം
മലബാർ വിഷൻ ഒരുക്കുന്നു. ഓഫീസിലേക്കു വരാതെ തന്നെ
വായനക്കാർക്കു നിമിഷനേരം കൊണ്ട് തങ്ങളുടെ പരസ്യങ്ങൾ
മലബാർ വിഷനിൽ പ്രസിദ്ധീകരണത്തിനായി നൽകാം.
ആദരാഞ്ജലികൾ, വിവാഹ ആശംസ, വിവാഹവാർഷികം,
വിവാഹവുമായി ബന്ധപ്പെട്ട അറിയിപ്പുകൾ, ജന്മദിന ആശംസകൾ
തുടങ്ങിയ പേഴ്സണൽ പരസ്യങ്ങളാണ് വാട്സാപ് വഴി നൽകാവുന്നത്.
വിവരങ്ങൾക്ക്: 9497564558 വാട്സാപ്പ്: 9744995553






# പഴങ്ങളുടെ പറുദീസ

**നാട്ടിലെയും വിദേശത്തെയും പഴച്ചെടികൾ ഒന്നിച്ചു കൃഷി ചെയ്യുന്ന എക്സോട്ടിക് ഫാം എന്ന പുതു ട്രെൻഡിന്റെ സാധ്യതകൾ പരീക്ഷിച്ച് വിജയിച്ച, എൻജിനീയറിങ് ജോലി കൃഷിക്കുവേണ്ടി ഉപേക്ഷിച്ച കർഷകനെ പരിചയപ്പെടാം**

## കൃഷിപാഠം

ജെകെവി

എക്കാലവും കൃഷിയോട് ആഭിമുഖ്യമുണ്ടായിരുന്നു ജോപ്പുവിന്. അതുകൊണ്ടാണ് എൻജിനീയറിങ്ങിനു ശേഷം വർഷങ്ങളോളം ഗൾഫിൽ ജോലി ചെയ്ത് നാട്ടിൽ തിരികെയെത്തുമ്പോൾ ഇനി കൃഷി എന്ന ചോയ്സ് മനസ്സിൽ തെളിഞ്ഞത്.

പാരമ്പര്യവും ആധുനികതയും സംയോജിപ്പിച്ച് കൃഷിയുടെ സമഗ്രത ആവിഷ്ക്കരിക്കുകയാണ് കാളികാവ് ഇടവകാംഗം തറപ്പേൽ ജോപ്പു ജോൺ. പഴയകാല കുടിയേറ്റ കർഷകൻ തറപ്പേൽ ജോണിന്റെ കൃഷി പാരമ്പര്യം പിൻതുടരുന്നതിനൊപ്പം പുതുവിളകളും തന്റെ കൃഷിയിടത്തിൽ ജോപ്പു പരീക്ഷിക്കുന്നു.

നാട്ടിലെയും വിദേശത്തെയും പഴച്ചെടികൾ ഒന്നിച്ചു കൃഷി ചെയ്യുന്ന എക്സോട്ടിക് ഫാം എന്ന രീതിയാണ് ജോപ്പു പിൻതുടരുന്നത്. പഴയകാലം സ്ഥിര വരുമാനം ലഭിക്കുന്ന കൃഷിയിലൂന്നിയുള്ളതായിരുന്നു. കുടിയേറ്റ തലമുറയുടെ നിലനിൽപ്പിന് അതായിരുന്നു ആവശ്യം. ഇന്ന് റബർ, തെങ്ങ്, കമുക്, കൊക്കോ തുടങ്ങിയവ അതേ രീതിയിൽ ജോപ്പു പിൻതുടരുന്നുണ്ട്. അതിനൊപ്പം വീടിനോട് ചേർന്നുള്ള ഭാഗത്ത് ന്യൂ ജെൻ കൃഷിയിനങ്ങൾ പരീക്ഷിക്കുകയാണ് ജോപ്പു. ഇതുമൂലം സ്ഥിര വരുമാനം കിട്ടുന്ന ഇനങ്ങൾക്കൊപ്പം സീസൺ ഇനങ്ങളിൽ നിന്നുള്ള അധിക വരുമാനം കൂടി ലഭിക്കുന്നു. മഴക്കാലം റബർ, തെങ്ങ് തുടങ്ങിയവയിൽ നിന്നുള്ള ആദായം കുറയുകയോ നിലയ്ക്കുക്കുകയോ ചെയ്യുന്ന കാലമാണ്. ഈ സമയത്ത് പഴവർഗങ്ങളിൽ നിന്ന് കിട്ടുന്ന ആദായം ആശ്വാസമാണ്. കൃഷി ബജറ്റിനെ ബാലൻസ് ചെയ്യാൻ ഇത് സഹായിക്കും. ജോപ്പു പറയുന്നു.

റംബൂട്ടാൻ, ദുരിയാൻ, മാംഗോസ്റ്റിൻ പോലുള്ളവയുടെ വിളവെടുപ്പ് കാലമാണിത്. പതിവിനു വിപരീതമായി ഇത്തരം പഴങ്ങൾ ധാരാളമായി പ്രാദേശിക വിപണിയിലെത്തുന്നുണ്ട്. എന്നാലും പഴക്കൃഷി നഷ്ടമല്ലെന്ന് ജോപ്പു പറയുന്നു. അതിനുള്ള പ്രധാന കാരണങ്ങളിലൊന്ന് ആളുകളുടെ ആരോഗ്യ സുരക്ഷയിലുള്ള ശ്രദ്ധയാണ്. ശരീര ഭാരം നിയന്ത്രിക്കാനും രോഗ പ്രതിരോധത്തിനുമായി ആഹാര ക്രമത്തിൽ പഴങ്ങൾ ഉൾപ്പെടുത്തുന്ന രീതിക്ക് നല്ല പ്രചാരം കിട്ടുന്നുണ്ട്. ഒരു കാലത്ത് വിദേശ പഴങ്ങളെന്നു കരുതിയിരുന്ന പലതും ഇന്ന് ഇവിടെ നാടൻ ആയി മാറിയിട്ടുമുണ്ട്.

എക്സോട്ടിക് ഫാം കൃഷി മേഖലയിൽ പുതിയൊരു തരംഗം ആകുന്നുണ്ട്. റബർ, തെങ്ങ് പോലെ കാത്തിരിപ്പ് വേണ്ട. അധ്വാനം കുറവ്. പരിചരണം എളുപ്പം. ഒന്ന് നഷ്ടമായാൽ മറ്റൊന്നിലേക്ക് മാറാനുള്ള എളുപ്പം. വിപണി വില തുടങ്ങിയവയൊക്കെ പഴച്ചെടി കൃഷിയുടെ ആകർഷണമാണ്.

പേരു പോലും വഴങ്ങാത്ത വിദേശച്ചെടികൾ ഒട്ടേറെ നമ്മുടെ നഴ്സറികളിലും കൃഷിയിടങ്ങളിലും നിറയുന്നു. പണ്ടൊക്കെ പലതരം മാങ്ങകളും ചാമ്പയ്ക്കയും കൈതച്ചക്കയും പേരക്കയും ഒക്കെയായിരുന്നു നമ്മുടെ കൃഷിയിടങ്ങൾക്ക് അലങ്കാരമായതെങ്കിൽ ഇന്നു കാലം മാറി. ആദ്യമൊക്കെ വിദേശികളായ പഴവർഗങ്ങൾ ഇറക്കുമതി ചെയ്തു തുടങ്ങിയ നമ്മൾ അവിടെ നിന്നില്ല. ആഫ്രിക്കയിലും മലേഷ്യയിലും ഗൾഫ് രാജ്യങ്ങളിലുമൊക്കെ വിളഞ്ഞിരുന്ന കേട്ടുകേൾവി പോലുമില്ലാത്ത പഴച്ചെടികൾ ഇപ്പോൾ നമ്മുടെ മണ്ണിലും ഇവിടെ പൂവിട്ടും കായ്ച്ചും തുടങ്ങിയിരിക്കുന്നു. പണ്ടൊക്കെ അത്തരത്തിലുള്ള ഒന്നോ രണ്ടോ ചെടികൾ നട്ട് അതു ഫലമണിയുന്നതോടെ നാട്ടിൽ താരമായി മാറുന്നവരുടെ കാലമായിരുന്നെങ്കിൽ ഇപ്പോൾ വിദേശപ്പഴച്ചെടികളുടെ പറുദീസ സൃഷ്ടിച്ചു താരങ്ങളാകുന്നവരുടെ കാലമാണ്. ഇന്ന് വ്യാവസായിക അടിസ്ഥാനത്തിൽത്തന്നെ വിദേശ പഴച്ചെടികൾ കൃഷി ചെയ്ത് നേട്ടമുണ്ടാക്കുന്ന രീതി ഇവിടെയും വ്യാപിക്കുന്നു.

കഴിഞ്ഞ തവണ ഇസ്രായേൽ സന്ദർശിച്ച കേരളത്തിലെ 20 കർഷകരുടെ സംഘത്തിൽ ഉൾപ്പെട്ട ജോപ്പു ജോണിനു സർക്കാർ പ്രതിനിധിയായി വിദേശ കൃഷി രീതികൾ പഠിക്കാനുള്ള അവസരവും ലഭിച്ചു. 'കൃഷിയെ പ്രഫഷനായും ബിസിനസ് ആയും കണ്ട് ഏറ്റവും പുതിയ സാധ്യതകൾ ഉപയോഗിച്ചാൽ മാത്രമേ കൃഷി വിജയമാകുകയുള്ളൂ. അതിന് ആധുനിക ടെക്നോളജിയും സാധ്യതകളും ഉപയോഗിക്കണം. ഏതൊരു ബിസിനസും പോലെ പണം മുടക്കാനും കഴിയണം. വിദേശ രാജ്യങ്ങൾ ഭക്ഷ്യ ഉൽപാദന മേഖലയിൽ വിജയം നേടുന്നത് അങ്ങനെയാണ്' ജോപ്പു പറയുന്നു.




തറപ്പേൽ ജോപ്പു ജോൺ

കൃഷിക്കാർക്കു വേണ്ടി ഒട്ടേറെ പദ്ധതികളിൽ സർക്കാർ സബ്സിഡി നൽകുന്നുണ്ട്. പക്ഷേ അതൊന്നും ഉപയോഗിക്കാൻ കർഷകർക്ക് അറിയില്ല. റംബൂട്ടാന്റെ തന്നെ വിവിധ വെറൈറ്റികൾ, അബിയൂ, മാംഗോസ്റ്റിൻ, ഫൂലാൻ, മരമുന്തിരി, അച്ചാചെറു, ദുരിയാൻ തുടങ്ങിയ ഒട്ടേറെ വിദേശ ഇനങ്ങൾ ജോപ്പുവിന്റെ കൃഷിയിടത്തിലുണ്ട്. അവക്കാഡോ, ആപ്പിൾ ബെർ, ലോംഗൻ, മൂട്ടിപ്പഴം, മലേഷ്യൻ ചാമ്പ, ചൈനീസ് ഓറഞ്ച്, സുരിനാം ചെറി, ചെമ്പടാക്, പൂച്ചപ്പഴം, ഇസ്രയേൽ ഓറഞ്ച്, രാജപുളി, മുള്ളാത്ത, കാരംബോള, മധുര അമ്പഴം, ലിച്ചി, പേര റെഡ്, വിയറ്റ്നാം ഏർലി, ചെമ്പരത്തി വരിക്ക തുടങ്ങിയവയെല്ലാം ഒരു മാതൃകാ എക്സോട്ടിക് ഫാമിനെ അലങ്കരിക്കാൻ പറ്റുന്ന വിദേശ ഇനങ്ങളാണ്.

കൃത്യമായ പ്ലാനിങ്ങോടെയുള്ള കൃഷി രീതിയാണ് ജോപ്പു പിന്തുടരുന്നത്. ഏത് ഇനം നട്ടാലും അതിൽ ഏറ്റവും മികച്ചതു തിരഞ്ഞെടുക്കുന്നു. ജലസേചനത്തിനും വളപ്രയോഗത്തിനുമെല്ലാം ആധുനിക സംവിധാനങ്ങൾ ഉപയോഗിക്കുന്നു. ഉൽപന്നങ്ങളെ മൂല്യവർധിത ഉൽപന്നങ്ങളാക്കി മാറ്റാനും മികച്ച സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. ഏറ്റവും പുതിയ ഇലക്ട്രിക് ഡ്രയർ ആണ് ജാതിയും മറ്റ് ഉൽപന്നങ്ങളും സംസ്കരിക്കാൻ ഉപയോഗിക്കുന്നത്. ഇതുമൂലം ഗുണമേന്മ കൂടുകയല്ലാതെ കുറയുകയില്ല. കാർഷിക ആവശ്യം മുൻനിർത്തിയെടുത്ത വലിയ സോളർ പ്ലാന്റും പ്രവർത്തിക്കുന്നു. ഇസ്രയേലിലെ കൃഷിക്കാഴ്ചകൾ കേരളത്തിലെ കർഷകരെ ഒട്ടേറെക്കാര്യങ്ങൾ പഠിപ്പിക്കുന്നുണ്ടെന്നു ജോപ്പു പറഞ്ഞു. വളരെ കൃത്യതയോടെയാണ് ഓരോ കൃഷിരീതിയും അവിടെ പിന്തുടരുന്നത്. ഓരോ ഫാമുകളും പുത്തൻ ടെക്നോളജിയുടെ പ്രതീകങ്ങളാണ്. അതിനാൽത്തന്നെ ഉൽപാദനവും മികച്ചതാകും. ഇപ്പോഴും ഇവിടെയുള്ളവർ തെങ്ങിന്റെയോ റബറിന്റെയോ കമുകിന്റെയോ ഇടയിലുള്ള സ്ഥലത്തു ചെറുവിളകൾ കൃഷിചെയ്തു ലാഭമുണ്ടാക്കുന്നതിനെക്കുറിച്ചു ചിന്തിക്കുന്നില്ല.



മാംഗോസ്റ്റിൻ



ദുരിയാൻ

ലോകത്ത് ലഭ്യമായ കൃഷി അറിവുകളൊക്കെ ഏതെങ്കിലും രീതിയിൽ ഉപകാരപ്രദമാണ്. അവയൊക്കെ ഇന്റർനെറ്റിൽ കിട്ടുകയും ചെയ്യും. ഒട്ടേറെ യന്ത്ര സംവിധാനങ്ങൾ കൃഷിക്ക് ഉപകാരപ്രദമായ വിധത്തിൽ ഉപയോഗിക്കാൻ കഴിയും. മരുന്നു തളിക്കാൻ പ്രാദേശികമായി ഡ്രോൺ പോലും ലഭിക്കുന്നുണ്ട്. അവയൊക്കെ കൃഷിയെ എളുപ്പമാക്കുന്നുണ്ട്. ഏറ്റവും മികച്ച നടീൽ വസ്തുക്കൾ തിരഞ്ഞെടുക്കാനും ശ്രദ്ധിക്കണം.

മുഴുവൻ സമയ കർഷകനായെങ്കിലും എൻജിനീയറിങ്ങും ജോപ്പു കൈവിട്ടിട്ടില്ല. ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ പല അറിവുകളും ഉപകാര പ്രദമാണെന്ന് അദ്ദേഹം പറയുന്നു.

കൃഷി പാരമ്പര്യത്തെയും ആധുനിക ടെക്നോളജിയെയും കിട്ടാവുന്ന സാങ്കേതിക അറിവുകളെയും സംയോജിപ്പിക്കുമ്പോൾ കൃഷി വിജയമാകും. കൃഷിയെ മുഖ്യ വരുമാന മാർഗമായി തിരഞ്ഞെടുത്തതിൽ ജോപ്പുവിന് ആശങ്കയില്ല. പശു വളർത്തൽ, കോഴി തുടങ്ങിയവയും ഉണ്ട്. കൂടാതെ ഒരു പോൾട്രി ഫാം കൂടി ഇപ്പോൾ തുടങ്ങിയിട്ടുണ്ട്. അയ്യായിരത്തോളം കോഴികളെ ഒരേ സമയം വളർത്താവുന്ന ഷെഡ് ആണുള്ളത്. കോഴിക്കുഞ്ഞുങ്ങളെ ഇറക്കി രണ്ടു കിലോഗ്രാം തൂക്കം വയ്ക്കുന്നതുവരെ വളർത്തി കരാറുകാർക്ക് തിരികെ നൽകുന്നതാണ് രീതി.

ഭാര്യ ബോബി. വിദ്യാർഥികളായ റോസ്, ജോൺ എന്നിവർ മക്കൾ.
ജോപ്പുവിന്റെ ഫോൺ: **9656203253.**

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ








ഡെയ്സി കാരക്കാട്ട്, തേഞ്ഞിപ്പലം

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കു വേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫല സിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**(ഈ പ്രാർത്ഥന ഒൻപത് ദിവസം ഒൻപത് പ്രാവശ്യം അടുപ്പിച്ച് ചൊല്ലുക. ഫലം കാണാതിരിക്കില്ല.)**

ഒരു വിശ്വാസി– കക്കാടംപൊയിൽ

# ലക്ഷങ്ങൾ ശമ്പളമുള്ള സർക്കാർ ജോലി!

**സെബി, നബാർഡ്, ആർബിഐ എന്നീ സ്ഥാപനങ്ങൾ നൽകുന്ന ശമ്പളവും ആനുകൂല്യങ്ങളും വൻകിട കോർപ്പറേറ്റ് ജോലികളെക്കാൾ ആകർഷകമാണ്. ബിരുദ യോഗ്യതയുള്ളവർക്ക് നേടിയെടുക്കാൻ സാധിക്കുന്നതാണ് ഈ ജോലികളെല്ലാം**

## കരിയർ കോർണർ



ഡോ. ഹിമ സുബിൻ കൂനംതടത്തിൽ

ഡൽഹിയും മുംബൈയും ബാംഗ്ലൂരും പോലെയുള്ള വൻകിട നഗരങ്ങളിലെ മൾട്ടി നാഷണൽ കമ്പനികൾ വാഗ്ദാനം ചെയ്യുന്നത് മാസം വൻതുക ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമാണ്. ഇത്തരം ജോലികളുമായി താരതമ്യം ചെയ്തു നോക്കുമ്പോൾ സർക്കാർ ജോലികൾക്ക് ശമ്പളവും ആനുകൂല്യങ്ങളും കുറവുള്ളതായി തോന്നാം. കേരള സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പള പരിഷ്കരണത്തിനും മറ്റ് ആനുകൂല്യങ്ങൾക്കുമുള്ള സമരവാർത്തകൾ ഇത്തരത്തിലുള്ള പ്രതീതി സൃഷ്ടിക്കുന്നത് സ്വാഭാവികമാണ്.

സർക്കാർ ജോലികളിലെ കുറഞ്ഞ ശമ്പളവും ആകർഷണമില്ലായ്മയുമാണ് അഭ്യസ്തവിദ്യരായ യുവാക്കളെ കുറെയെങ്കിലും പാശ്ചാത്യ രാജ്യങ്ങളിലേക്ക് കുടിയേറാൻ പ്രേരിപ്പിക്കുന്നത്. എന്നാൽ ഇന്ത്യയിലെ റെഗുലേറ്ററി അതോറിറ്റി ജോലികൾ ഏത് സ്വകാര്യ മേഖലയിലെ ജോലികളെയും, വിദേശ സ്വപ്നങ്ങളെയും കവച്ചുവെക്കും. സെബി (സെക്യൂരിറ്റി എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ) നബാർഡ് (നാഷണൽ അഗ്രികൾച്ചറൽ ആൻഡ് റൂറൽ ഡെവലപ്മെൻറ് ബാങ്ക്), ആർബിഐ (റിസർവ് ബാങ്ക് ഓഫ് ഇന്ത്യ) എന്നീ സ്ഥാപനങ്ങൾ നൽകുന്ന സാലറിയും ആനുകൂല്യങ്ങളും മൾട്ടി നാഷണൽ കമ്പനികളോടു കിടപിടിക്കുന്നതാണ്. ബിരുദ യോഗ്യതയുള്ളവർക്ക് നേടിയെടുക്കാൻ സാധിക്കുന്നതാണ് ഈ ജോലികളെല്ലാം

### സെബി

രാജ്യത്തെ ഓഹരി വിപണികളെയും സ്റ്റോക്ക് എക്സ്ചേഞ്ച് കളെയും നിയന്ത്രിക്കുന്ന അതോറിറ്റിയാണ് സെബി. മുംബൈ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് ഒട്ടുമിക്ക വാണിജ്യ നഗരങ്ങളിലും ഓഫീസുകളുണ്ട്. രാജ്യത്തെ വ്യവസായങ്ങളെ നിയന്ത്രിക്കുന്നത് ഓഹരി വിപണി ആയതിനാൽ വളരെ തന്ത്രപ്രധാനമായതാണ് സെബി ജോലികൾ. എല്ലാ വർഷവും സെബി ഓഫീസർ റിക്രൂട്ട്മെന്റ് പരീക്ഷകൾ നടത്താറുണ്ട്. അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ബിരുദമാണ്. പ്രിലിംസ്, മെയിൻസ് ഇന്റർവ്യൂ എന്നീ മൂന്ന് ഘട്ടങ്ങളിലൂടെയാണ് ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നത്. പരീക്ഷ ഓൺലൈനാണ്.

ചോദ്യ പാറ്റേൺ എസ്എസ്സി പരീക്ഷകൾക്ക് തുല്യമാണ്. കേരള പിഎസ്സി ഡിഗ്രി ലെവൽ പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്ക് സെബി ഓഫീസർ പരീക്ഷയും എഴുതി നോക്കാവുന്നതാണ്. മാസശമ്പളം 1,80,000 രൂപയ്ക്ക് മുകളിലാണ്.

### നബാർഡ്

രാജ്യത്തെ കാർഷിക വളർച്ചയുടെയും ഗ്രാമവികസനത്തിന്റെയും സാമ്പത്തിക സ്രോതസ്സാണ് ഈ സ്ഥാപനം. ഇന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാന തലസ്ഥാനങ്ങളിലും ഈ സ്ഥാപനത്തിന് ഓഫീസ് നിലയങ്ങളുണ്ട്. തിരുവനന്തപുരത്ത് നബാർഡ് ഓഫീസ് സ്ഥിതി ചെയ്യുന്നത് സെക്രട്ടറിയേറ്റ് ഓഫീസ് സമുച്ചയത്തോട് ചേർന്നാണ്. നിത്യജീവിതത്തിൽ നമ്മൾ ബന്ധപ്പെടുന്ന റീട്ടെയിൽ ബാങ്കുകൾ പോലെയല്ല നബാർഡിന്റെ പ്രവർത്തനം. കർഷകർക്കും ഗ്രാമവികസത്തിനും ഉതകുന്ന പ്രോജക്ടുകൾ ഏറ്റെടുത്ത് സാമ്പത്തിക സഹായവും സാങ്കേതിക പിന്തുണയും നൽകി വിജയിപ്പിക്കുക എന്നതാണ് പ്രധാന ലക്ഷ്യം.

നബാർഡ് കരിയർ വഴി അന്താരാഷ്ട്ര മേഖലയിലേക്കുള്ള വളർച്ച സാധ്യമാണ്. യുഎൻ ഏജൻസികളിലേക്ക് പോലും കരിയർ വളർച്ച തരപ്പെടുത്താൻ ഇന്ത്യയിലെ ഗ്രാമീണ കാർഷിക മേഖലയിലുള്ള പ്രവർത്തനം സഹായകരമായി മാറും. നബാർഡ് ഓഫീസർമാരെ റിക്രൂട്ട് ചെയ്യുന്നത് ഗ്രേഡ് എ, ഗ്രേഡ് ബി പരീക്ഷകളിലൂടെയാണ്. പ്രിലിംസ്, മെയിൻസ്, ഇൻറർവ്യൂ ഘട്ടങ്ങളിലൂടെ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നു. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മാസശമ്പളം ലഭിക്കും.

### ആർബിഐ

ഇന്ത്യയുടെ കറൻസി വിനിമയ അതോറിറ്റിയാണ് റിസർബാങ്ക്. രാജ്യത്തിന്റെ സമ്പത്ത് ഘടനയുടെ അടിത്തറയാണ് ഈ സ്ഥാപനം. കൂടാതെ മികച്ച കരിയർ ഇന്ത്യയ്ക്ക് അകത്തും പുറത്തും ലഭ്യമാക്കുന്ന സ്ഥാപനമാണിത്. നിലവിൽ ഇന്ത്യയിലെ സർക്കാർ മേഖലയിൽ ഏറ്റവും കൂടുതൽ ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നത് റിസർവ് ബാങ്ക് തന്നെയാണ്. സിവിൽ സർവീസ് ഉദ്യോഗസ്ഥരെക്കാൾ മികച്ചതാണ് ഇവരുടെ ആനുകൂല്യങ്ങളും കരിയർ വളർച്ചയും. മൂന്നു ഘട്ടങ്ങളായാണ് പരീക്ഷ. ഡിഗ്രി ഉള്ളവർക്ക് എഴുതിയെടുക്കാവുന്നതാണ് ആർബിഐ പരീക്ഷകൾ.

### ചിട്ടയായി പഠിച്ച് ജോലി നേടാം

എല്ലാവർഷവും നവംബർ, ഡിസംബർ മാസങ്ങളിൽ അപേക്ഷ ക്ഷണിക്കുകയും ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പരീക്ഷ നടത്തി ഏപ്രിലിൽ അന്തിമ ഫലം പ്രസിദ്ധീകരിക്കുന്ന രീതിയിലാണ് മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റുകൾ നടക്കുന്നത്. ചിട്ടയായി ആറുമാസം പഠിച്ചാൽ തീർച്ചയായും നേടിയെടുക്കാവുന്നതാണ് ഈ ജോലികൾ. ഡിഗ്രി കാലത്ത് തന്നെ ഈ ജോലികൾ ലക്ഷ്യം വെച്ച് പഠിച്ചാൽ യുവജനങ്ങൾക്ക് ഈ ജോലികൾ നേടിയെടുക്കാം.

*(ലേഖിക കേന്ദ്ര കൃഷി മന്ത്രാലയത്തിന് കീഴിൽ കാസർകോടുള്ള ഐസിഎആർ–സെൻട്രൽ പ്ലാന്റേഷൻ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ശാസ്ത്രജ്ഞയാണ്)*

## ക്വിസ് കോർണർ 2026



### 2026 ജനുവരി – ഫെബ്രുവരി ചോദ്യങ്ങൾ

**ഈ ലക്കത്തിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്**

1. രാജ്യത്തിന്റെ സമ്പദ് ഘടനയ്ക്ക് അടിത്തറയിട്ട സ്ഥാപനം ഏത്?
2. മികച്ച പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി ചെറുപുഷ്പ മിഷൻ ലീഗ് ഗോൾഡൻ സ്റ്റാർ രൂപതയായി തെരഞ്ഞെടുക്കപ്പെട്ട രൂപതയേത്?
3. കേരള സോഷ്യൽ സർവീസ് ഫോറം (കെഎസ്എസ്എഫ്) ഡയറക്ടറുടെ പേര്?
4. ലെയോ പതിനാലാമൻ മാർപാപ്പയുടെ ആദ്യത്തെ അപ്പസ്തോലിക്ക് പ്രബോധനത്തിന്റെ പേര് എന്ത്?
5. രാജ്യത്തെ ഓഹരി വിപണികളേയും സ്റ്റോക്ക് എക്സ്ചേഞ്ചുകളേയും നിയന്ത്രിക്കുന്ന അതോറിറ്റി ഏത്?
6. 2025-ലെ ക്ഷോണി സംരക്ഷണ അവാർഡ് നേടിയ കർഷകന്റെ പേര് എന്ത്?
7. നാട്ടിലെയും വിദേശത്തേയും പഴച്ചെടികൾ ഒന്നിച്ചു കൃഷി ചെയ്യുന്ന രീതി അറിയപ്പെടുന്നത് ഏതു പേരിലാണ്?
8. കൃഷിയുടെ വൈവിധ്യങ്ങൾ മലബാറിന് പരിചപ്പെടുത്തിയത് ആരാണ്?
9. കാർഷിക വളർച്ചയുടെയും ഗ്രാമവികസനത്തിന്റെയും സാമ്പത്തിക സ്രോതസ് ഏത്?
10. മാനസിക സംഘർഷങ്ങൾ അനുഭവിക്കുന്നവർക്കായി സൗജന്യ ഹോപ്പ് ലൈൻ പദ്ധതി ആരംഭിച്ച സ്ഥാപനം ഏത്?

**ഉത്തരങ്ങൾ 2026 ഫെബ്രുവരി 14-ന് മുമ്പ് ലഭിക്കണം**

**2025 നവംബർ – ഡിസംബർ ലക്കം ക്വിസ് കോർണറിൽ ശരിയുത്തരം അയച്ച 257 പേരിൽ നിന്നും നറുക്കെടുപ്പിലൂടെ വിജയികളായവർ:**



● ഒന്നാം സമ്മാനം, 1000 രൂപ
**ലിയോൺ ബൈജു**
വെട്ടത്ത്, വെറ്റിലപ്പാറ



● രണ്ടാം സമ്മാനം, 500 രൂപ
**അമല ഗോൾഡ് സണ്ണി**
പനന്താനത്ത്, മഞ്ഞുവയൽ



● മൂന്നാം സമ്മാനം, 250 രൂപ
**ആൻട്രീസ** പുത്തൻപുരയ്ക്കൽ
കരികണ്ടൻപാറ

**ഉത്തരങ്ങൾ അയയ്ക്കേണ്ട വാട്സാപ്പ് നമ്പർ**
**9744 99 5553**

സമ്മാനങ്ങൾ സ്പോൺസർ ചെയ്യുന്നത്
**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

### 2025 നവംബർ – ഡിസംബർ ലക്കം ഉത്തരങ്ങൾ

1. ഡോ. ചാക്കോ കാളംപറമ്പിൽ 2. അക്ഷര കമ്മ്യൂണിക്കേഷൻ 3. ഒക്ടോബർ 4. ടാലൻഷ്യ 2.0 5. ദൈവം അനുഗ്രഹിക്കുന്ന സമയം 6. 1995 ജൂലൈ 28 7. ലോക മാനസികാരോഗ്യദിനം 8. യുജിസി-സി.എസ്.ഐ.ആർ 9. നവംബർ 1 10. ക്രിസ്തുദാസി സന്യാസ സമൂഹം

### പൊതുനിർദ്ദേശങ്ങൾ

● പേജിന്റെ വലതു വശത്ത് നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരങ്ങൾ എഴുതി, പേരും വിലാസവും രേഖപ്പെടുത്തി അയയ്ക്കേണ്ടതാണ്. ● വാട്സാപ്പിലൂടെ ഉത്തരങ്ങൾ അയയ്ക്കുന്നവർ ഉത്തരങ്ങൾ രേഖപ്പെടുത്തിയ ക്വിസ് കോർണർ ഭാഗം മാത്രം ഫോട്ടോ എടുത്തോ സ്കാൻ ചെയ്തോ അയയ്ക്കണം. ഉത്തരങ്ങൾ വായിച്ചെടുക്കാൻ പാകത്തിനു വേണം ഫോട്ടോയെടുത്ത് അയയ്ക്കാൻ. അവ്യക്തമായ ഉത്തരങ്ങളുള്ളവ പരിഗണിക്കില്ല. ● പേപ്പറുകളിൽ എഴുതിയോ വാട്സാപ്പിൽ ടൈപ്പ് ചെയ്തോ അയയ്ക്കുന്ന ഉത്തരങ്ങൾ മത്സരത്തിനായി പരിഗണിക്കുന്നതല്ല.
● **വിലാസം: എഡിറ്റർ, മലബാർ വിഷൻ, പിഎംഒസി, മേരിക്കുന്ന് പിഒ, കോഴിക്കോട് 673012.** ● സംശയങ്ങൾക്ക് വിളിക്കുക: **97 44 99 5553**

ഇവിടെ മുറിക്കുക

**ഉത്തരങ്ങൾ ഇവിടെ എഴുതുക**

1
2
3
4
5
6
7
8
9
10

പേര്: ...............................

വീട്ടുപേര്: ...............................

ഇടവക: ...............................

ഫോൺ: ...............................

# ജൈവവൈവിധ്യ ഉദ്യാനമൊരുക്കി തോമസ് മാഷ്

തൊണ്ണൂറിലധികം ജലസസ്യങ്ങൾ, ബട്ടർഫ്ളൈ ഗാർഡൻ, സ്റ്റാർ ഗാർഡൻ, 25 തരം തുളസി, 50 തരം മുളവർഗ്ഗങ്ങൾ എന്നിങ്ങനെ നീളുന്നു സംസ്ഥാന കൃഷിവകുപ്പിന്റെ 2025-ലെ 'ക്ഷോണി സംരക്ഷണ അവാർഡ്' ജേതാവ് പി. ജെ. തോമസിന്റെ കൃഷിയിടത്തിലെ വൈവിധ്യപ്പെരുമ

## വിജയ പാഠം




ജിൽസൺ ജോസ്

കൃഷിയിടത്തിൽ ജൈവവൈവിധ്യങ്ങളുടെ കലവറയൊരുക്കാമെന്ന് തെളിയിച്ചിരിക്കുകയാണ് റിട്ട. അധ്യാപകനായ തിരുവമ്പാടി പുരയിടത്തിൽ പി.ജെ. തോമസ്. നാടനും മറുനാടനുമൊക്കെയായി വൈവിധ്യമാർന്ന സസ്യ ശേഖരമാണ് പറമ്പു നിറയെ. മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങളിലെ മാതൃകാപരമായ ഇടപെടലുകൾക്ക് സംസ്ഥാന കൃഷിവകുപ്പിന്റെ 2025-ലെ 'ക്ഷോണി സംരക്ഷണ അവാർഡ്' പി. ജെ. തോമസിനായിരുന്നു. അരലക്ഷം രൂപയും ഫലകവും പ്രശസ്തി പത്രവുമടങ്ങുന്നതാണ് അവാർഡ്.

അറുപതിലധികം ജലസസ്യങ്ങൾ, ബട്ടർഫ്ളൈ ഗാർഡൻ, മനുഷ്യരുടെ ജന്മ നക്ഷത്രം അടിസ്ഥാനമാക്കി 27 സസ്യങ്ങളടങ്ങിയ 'സ്റ്റാർ ഗാർഡൻ', 25 തരം തുളസി, 50 തരം മുളവർഗ്ഗങ്ങൾ എന്നിങ്ങനെ നീളുന്നു തോമസ് മാഷിന്റെ കൃഷിയിടത്തിലെ വൈവിധ്യപ്പെരുമ.

തിരുവമ്പാടി-പുന്നക്കൽ റോഡിൽ നാല്പതുമേനിയിൽ 3.5 ഏക്കർ സ്ഥലത്താണ് പി. ജെ. തോമസിന്റെ സസ്യവൈവിധ്യപ്പെരുമ. വംശനാശത്തിന്റെവക്കിലെത്തി നിൽക്കുന്ന ചോരപൈൻ, കാട്ടശോകം, ചെറുപുന്ന, കരിഞ്ഞാറ പലോഡൻഞാറ, കാക്കകരിമരം, കുരങ്ങുപ്ലാവ്, മലമഞ്ചാടി തുടങ്ങിയവയും തോമസിന്റെ സസ്യ ശേഖരത്തിലുണ്ട്.





കൃഷിയിടത്തിലെ മിയാവാക്കി വനത്തിന് മുന്നിൽ പി. ജെ. തോമസ്



പി. ജെ. തോമസ്

സ്കൂൾ പഠന കാലത്തുതന്നെ പരിസ്ഥിതി പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. എംഎസ്സി പഠനത്തിനായി തെരഞ്ഞെടുത്തത് പരിസ്ഥിതി ശാസ്ത്രം തന്നെയായിരുന്നു. കൂടത്തായി സെന്റ് മേരീസ് സ്കൂളിൽ ജോലിക്ക് പ്രവേശിച്ചതു മുതൽ അവിടുത്തെ 'ആരാം നേച്ചർ ക്ലബ്' കൺവീനറായിരുന്നു. റിട്ടയർമെന്റിന് ഒരു മാസം മുമ്പാണ് കൺവീനർ സ്ഥാനം ഒഴിഞ്ഞത്. മലയാള മനോരമയുടെ പലതുള്ളി പുരസ്ക്കാരവും മാതൃഭൂമിയുടെ സീഡ് പുരസ്ക്കാരുമൊക്കെ ക്ലബിന് ലഭിച്ചിട്ടുണ്ട്. പരിസ്ഥിതി പ്രവർത്തനങ്ങളോടുള്ള സ്നേഹമാണ് ഊർജമെന്ന് തോമസ് പറയുന്നു.

ഇരുപതഞ്ചോളം തുളസിയിനങ്ങൾ തോമസിന്റെ കൃഷിയിടത്തെ വേറിട്ടു നിർത്തുന്നു. അയമോദക തുളസി, കർപ്പൂര തുളസി, മഞ്ഞൾ തുളസി, ശിവതുളസി, വിക്സ് തുളസി, മധുര തുളസി എന്നിങ്ങനെ നീളുന്നു പട്ടിക. അനേകവർഷത്തെ അന്വേഷണത്തിലൂടെയാണ് ഇവ ശേഖരിച്ചതെന്ന് തോമസ് പറയുന്നു.

നൂറോളം പരിസ്ഥിതി ക്ലാസുകൾക്ക് പി. ജെ. തോമസ് നേതൃത്വം നൽകിയിട്ടുണ്ട്. വാനില ഐസ്ക്രീം രുചിയുള്ള ബ്ലൂജാവ, ലോകത്തിലെ ഏറ്റവും ചെറിയ വാഴയായ തായ് മൂസ, കേരളത്തിൽ തന്നെ ചുരുക്കമായ സൂര്യകദളി എന്നിങ്ങനെ വാഴകളുടെ വൈവിധ്യവും അദ്ദേഹത്തിന്റെ കൃഷിയിടത്തെ വേറിട്ടു നിർത്തുന്നു.

സസ്യ വൈവിധ്യപ്പെരുമ തോമസിന് ഒട്ടേറെ അവാർഡുകളും നേടിക്കൊടുത്തിട്ടുണ്ട്. ഡോ. കമറുദ്ദീൻ ഫൗണ്ടേഷൻ ഫോർ ബയോഡൈവേഴ്സിറ്റി കൺസർവേഷൻ പുരസ്കാരം, 2019-20 വർഷത്തെ സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ ജനിതകവൈവിധ്യ സംരക്ഷകനുള്ള (സസ്യ വിഭാഗം) പുരസ്ക്കാരം, പര്യാവരൺ മിത്ര അവാർഡ്, നാഷണൽ അംബേദ്കർ എക്സലന്റ്സ് അവാർഡ്, വനമിത്ര പുരസ്കാരം, അക്ഷയശ്രീ എന്നിവ ഇതിൽ പ്രധാനപ്പെട്ടതാണ്. അധ്യാപക റിസർച്ച് പ്രോജക്ട് മത്സരത്തിൽ രണ്ടുതവണ സംസ്ഥാനതലത്തിൽ പുരസ്ക്കാരം ലഭിച്ചു. ജന്തുശാസ്ത്രത്തിലും ബിരുദാനന്തര ബിരുദം നേടിയിട്ടുണ്ട്.

കൊങ്കിണി, ചെത്തി, കൃഷ്ണ കിരീടം, സൂര്യകാന്തി തുടങ്ങിയ പുഷ്പസസ്യങ്ങളും പൂമ്പാറ്റകൾ മുട്ടയിടുന്ന കരളയം, മുള്ളിലം, അൽപം, ഡിവിഡിവി, കറിവേപ്പ്, നാരകം, വലിയ തകര തുടങ്ങിയ സസ്യങ്ങളുമുൾപ്പെടുത്തി പൂമ്പാറ്റ ഗാർഡനുമൊരുക്കിയിട്ടുണ്ട്. അയോണന്ത, ഫംഗിയാന, സിറോഗ്രാഫിക്ക, സ്പാനിഷ് മോസ് തുടങ്ങിയ എയർപ്ലാന്റ്, പ്രാണികളെ പിടിക്കുന്ന നെപ്പാന്തസ്, പണ്ട് കാലത്ത് മഹർഷിമാർ ഉപയോഗിച്ചിരുന്ന കമണ്ഡലു, രുദ്രാക്ഷം, മരവുരി, കായസസ്യം, കർപ്പൂര സസ്യം, കുന്തിരിക്കമരം, ഇരട്ടിമധുരം, അണലിവേഗം, ചൂയിംഗസസ്യം, കൃഷ്ണനാൽ, ആൻഡമാൻ പഡോക്ക്, സോപ്പുമരം തുടങ്ങിയ അപൂർവസസ്യങ്ങളുമുണ്ട്. മുളസസ്യങ്ങളിൽ ഏറ്റവും ചെറുതായ ബുഷ് ബാംമ്പു മുതൽ ഏറ്റവും വലിയ ആനമുള വരെ അൻപതോളം ഇനങ്ങൾ. വയമ്പ്, ബ്രഹ്മി, ജലം ശുദ്ധീകരിക്കുന്ന കിണർ വാഴ, ഡക്ക് വിഡ്, സിങ്കപ്പൂർ പായൽ, കബാമ്പ, വാലിഡ് നേറിയ, അലങ്കാര ജലസസ്യങ്ങൾ എന്നിവയും തോമസിന്റെ കൃഷിയിടത്തിലെ കാഴ്ചകളാണ്.

കൂടത്തായി സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ നാചറൽ സയൻസ് അധ്യാപകനായിരുന്ന ഇദ്ദേഹം ഒട്ടേറെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ട്. തോമസ് മാഷിന്റെ കൃഷിയിടം കാണാൻ വിവിധ സ്കൂളുകളിൽ നിന്ന് കുട്ടികളും അധ്യാപകരും പരിസ്ഥിതി സ്നേഹികളും എത്താറുണ്ട്.

അധ്യാപികയായ ഭാര്യ ഷൈനി ആന്റണി, മക്കളായ ഡോ. റോൺ തോമസ്, എമിൻ റോസ് തോമസ്, മരുമകൾ ഡോ. നവോമി റോൺ എന്നിവരടങ്ങിയതാണ് കുടുംബം.

തോമസ് മാഷിന്റെ ഫോൺ: **8281686041**

## Letter to the editor

മലബാർ വിഷനെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കാം.

വാട്സാപ്: 9744995553, ഇമെയിൽ: **malabarvisioneditorial@gmail.com**
വിലാസം: എഡിറ്റർ, മലബാർ വിഷൻ, പി.എം.ഒ.സി, മേരിക്കുന്ന് പി.ഒ. കോഴിക്കോട് – 12

QR കോഡ് സ്കാൻ ചെയ്യൂ. അഭിപ്രായങ്ങൾ അറിയിക്കൂ...

### കവർ സ്റ്റോറി ഗംഭീരം

● ഞാൻ മലബാർ വിഷൻ സ്ഥിരം വായനക്കാരനാണ്. അറിവുകളും ചരിത്രങ്ങളും ജോലി സാധ്യതകളും പഠനസാധ്യതകളും മലബാർ വിഷനിലൂടെ അറിയാൻ സാധിക്കുന്നു.

മിക്കപ്പോഴും ഞാൻ എന്റെ മകളെക്കൊണ്ടാണ് മലബാർ വിഷൻ വായിപ്പിക്കാറ്. അവൾ ഉറക്കെ വായിച്ചു തരും. കാരണം അവളും ഈ അറിവുകളെല്ലാം വായിച്ച് മനസിലാക്കണം. ഇന്നല്ലെങ്കിൽ നാളെ ഈ അറിവുകളെല്ലാം ആവശ്യമായിവരുന്ന സമയം വരും.

കഴിഞ്ഞ പ്രാവശ്യത്തെ കവർസ്റ്റോറി നന്നായിട്ടുണ്ട് ഇതുപോലുള്ള മികച്ച രചനകൾ എഴുതാൻ മലബാർ വിഷന്റെ അണിയറപ്രവർത്തകർക്ക് സർവ്വശക്തൻ കൃപചൊരിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

*തോമസ്, കണ്ണോത്ത്*

### ലൈവ് ക്വിസ് മത്സരം

● കഴിഞ്ഞ പത്തു വർഷമായി മലബാർ വിഷന്റെ സ്ഥിരം വായനക്കാരിയാണ്. ക്വിസ് കോർണർ മത്സരത്തിൽ സ്ഥിരമായി പങ്കെടുക്കാറുണ്ട്. എനിക്ക് രണ്ട് തവണ ഒരു ഫസ്റ്റും ഒരു സെക്കന്റും ലഭിച്ചിരുന്നു. ഇപ്പൊ കുറച്ചായി ലഭിക്കുന്നില്ല. എങ്കിലും പരിഭവങ്ങൾ ഒന്നും ഇല്ല. സ്ഥിരം ശരിയുത്തരങ്ങൾ അയയ്ക്കുന്നവർക്കായി ഒരു ലൈവ് ക്വിസ് മത്സരം വർഷാവസാനം സംഘടിപ്പിക്കുന്നത് നല്ലതാണെന്നു തോന്നുന്നു.

മലബാർ വിഷനിലെ എല്ലാ പംക്തികളും ഒന്നിനൊന്ന് മെച്ചമാണ്. നമ്മുടെ രൂപതാംഗങ്ങളുടെ നേട്ടങ്ങളെക്കുറിച്ച് നൽകുന്ന ഫീച്ചറുകൾ എടുത്തു പറയേണ്ടതു തന്നെ. അണിയറ പ്രവർത്തകർക്ക് ആശംസകൾ

*ത്രേസ്യാമ്മ, ചക്കിട്ടപാറ*

### റീൽസും വേണം

● ഞാൻ സ്ഥിരം മലബാർ വിഷൻ വരിക്കാരനാണ്. നമ്മുടെ നാടുകളിൽ ഇപ്പോൾ കൃഷിയിലായാലും ബിസിനസിലായാലും മറ്റ് എന്ത് മേഖലകളിലായാലും വിജയിക്കുന്നവരുടെ ഒരു പക്തി ഇടയ്ക്ക് മലബാർ വിഷനിൽ കാണാറുണ്ട് താമരശ്ശേരി രൂപതയിൽ അനേകം ആളുകൾ ഉണ്ട് പല മേഖലകളിലും വിജയം കണ്ടെത്തിയവർ. ഇവരുടെ സ്റ്റോറി ചെയ്യുന്നതോടൊപ്പം ഒരു വീഡിയോ അല്ലെങ്കിൽ റീൽസ് ചെയ്തുകൂടേ? മറ്റുള്ളവർക്ക് അത് കാണുമ്പോൾ ഒരു പ്രോത്സാഹനവും ആകുമല്ലോ. ഈ ഫീച്ചർ പുറത്തിറങ്ങുന്നതോടൊപ്പം അവരുടെ വിജയകഥയുടെ റീൽസും ഇറങ്ങുമ്പോൾ ആ കുടുംബത്തിനും ആ നാട്ടുകാർക്കും വലിയ സന്തോഷമാകും.

*ജോർജ്, കൊണ്ടോട്ടി*

ഫാ. ബെന്നി മുണ്ടനാട്ടിന്റെ ആത്മീയ നേതൃത്വത്തിൽ



വിശുദ്ധനാട് തീർത്ഥയാത്ര

ജോർദാൻ, ഇസ്രായേൽ, പാലസ്തീൻ, ഈജിപ്ത്

ജെറുസലേം, ബെത്‌ലഹേം, ആട്ടിടയന്മാർക്കു മാലാഖ പ്രത്യക്ഷപ്പെട്ട സ്ഥലം, ജെറിക്കോ, ഗലീലി, നസ്രത്ത്, കാന, തിരുകല്ലറ, മൗണ്ട് നെബോ, മൗണ്ട് താബോർ, ജോർദാൻ നദി, ഗെത്സമൻ തോട്ടം, അപ്പർ റൂം, ബഥനി, നൈൽ നദി, സീനായ് മല, പിരമിഡ്, കഫർണാം, അപ്പം വർധിപ്പിച്ച സ്ഥലം, കാൽവരി, സ്നാപക യോഹന്നാന്റെ ജന്മസ്ഥലം

ഗലീലി തടാകത്തിലും നൈൽ നദിയിലും ബോട്ട് യാത്ര, കാനായിൽവെച്ച് വിവാഹവാഗ്ദാന നവീകരണം, യേശു കുരിശ് ചുമന്ന് നീങ്ങിയ വഴിയിലൂടെ കുരിശിന്റെ വഴി, യേശുവിനെ കുരിശിൽ തറച്ച സ്ഥലത്തുനിന്ന് പ്രാർത്ഥിക്കുവാനുള്ള അവസരം

**2026 ഏപ്രിൽ 22 ന് പുറപ്പെടുന്നു**



യൂറോപ്പ് തീർത്ഥയാത്ര

ഇറ്റലി, വത്തിക്കാൻ, ബോസ്നിയ, ക്രോയേഷ്യ, സ്വിറ്റ്സർലൻഡ്, ഫ്രാൻസ്, സ്പെയിൻ, പോർച്ചുഗൽ

റോം, വത്തിക്കാൻ, സിസ്റ്റൈൻ ചാപ്പൽ, അസീസി, മഡ്ജുഗോറി, ലൂർദ്ദ്, അങ്കോണ, പാദുവ, വെനീസ്, റോസാമിസ്റ്റിക്ക, ജനീവ, പാരീസ്, ആവില, ലിസ്ബൺ, ഫാത്തിമ, വിവിധ ബസിലിക്കകൾ, പോസ്റ്റോണിയ ഗുഹകൾ, ഇന്റർലേക്കൻ

മാർപാപ്പയെ കാണാൻ സുവർണാവസരം

**2026 മെയ് 11 ന് പുറപ്പെടുന്നു**



ഗോവ തീർത്ഥയാത്ര

ബോം ജീസസ് കത്തീഡ്രൽ,വാഴ്ത്തപ്പെട്ട ആഞ്ജലോയുടെ കബറിടം, പിലാർ, ക്രിസ്റ്റ്യൻ മ്യൂസിയം, അഹൂദ ഫോർട്ട്, സെന്റ് അഗസ്റ്റിനിയൻ ചർച്ച്, ഓൾഡ് ഗോവ ക്രൂയിസ് യാത്ര, ഡോണ പൗള ബീച്ച്, കോൾവ ബീച്ച്

വി. ഫ്രാൻസിസ് സേവ്യറുടെ അഴുകാത്ത ഭൗതിക ശരീരം ദർശിക്കുവാനുള്ള സുവർണ അവസരം

വെള്ളിയാഴ്ച വൈകുന്നേരം പുറപ്പെട്ട് തിങ്കളാഴ്ച രാവിലെ തിരിച്ചെത്തുന്നു. കോഴിക്കോട് നിന്ന് ഗോവക്കും തിരിച്ചും ട്രെയിൻ യാത്ര

എല്ലാ യാത്രകൾക്കും വൈദികരുടെ നേതൃത്വം, പരിചയസമ്പന്നരായ ടൂർ ഗൈഡുകൾ, വിദഗ്ധരായ ടൂർ മാനേജർമാർ.

യാത്രയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പേര്, വീട്ടുപേര്, സ്ഥലം, യാത്ര ചെയ്യാനാഗ്രഹിക്കുന്ന സ്ഥലം എന്നിവ എഴുതി താഴെ കാണുന്ന വാട്സ്അപ്പ് നമ്പറിൽ അയച്ചുതരുക.

സെന്റ് അൽഫോൻസാ ടൂർസ് & പിൽഗ്രിമേജസ്, താമരശ്ശേരി **Contact: 9447 008 376 ( Office )**

START

ST. THOMAS ACADEMY FOR RESEARCH & TRAINING

NETHAJI NAGAR, KOTTOOLI, KOZHIKODE-16
(Diocese of Thamarassery)

അഖിലേന്ത്യാതലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കേന്ദ്ര സർവകലാശാലകളിലും മറ്റ് പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകളിലും ( IITs, NITs, IIMs) അഡ്മിഷൻ നേടി, മികവുറ്റവിധം പഠനം പൂർത്തിയാക്കി, നേതൃപദവികളിൽ എത്തുവാൻ പ്ലസ്ടുവിനോടൊപ്പവും പ്ലസ്ടുവിന് ശേഷവും കുട്ടികളെ ഒരുക്കുന്ന കോഴ്സുകൾ




OUR PROGRAMMES

- Professional Foundation Training (PFT) -1 year after Plus Two
- Residential +2 (Science & Commerce) - 30 Seats Each
- AI & PYTHON (Six Months) ● CUET CRASH (January 2026- March 2026)

* CUET, * KEAM, * CUSAT, * CAT, * CLAT * IPM * NID
* NDA - Technical & Non-Technical

RESIDENTIAL PLUS TWO BATCHES- COMMERCE & SCIENCE
(KERALA BOARD) OPEN TO GIRLS AND BOYS

**SCIENCE STREAM:** 30 seats ● Physics ● Chemistry ● Mathematics ● Biology/Computer Science
**COMMERCE STREAM:** 30 seats ● Accountancy ● Business studies ● Economics ● Mathematics / Computer Application. **LANGUAGES:** (For both Science and Commerce) ● English ● Malayalam/ Hindi
MEDIUM OF INSTRUCTION ENGLISH

FOR REGISTRATON

+91 9037107843 +91 9744458111 +91 495 2357843 www.startindia.org startcalicut22@gmail.com

Success Garten®
16 Years of Linguistic Odyssey
Mathichiparambil Edifice, Thiruvambady. Mob : 9447814774, 8590038240

SUCCESS Garten – Freedom Through Language – India's most trusted offline & online IELTS, OET, PTE, TOEFL, LANGUAGECERT, CELPIP & Communicative English training brand!

Official partner of : Cambridge University Press, idp IELTS (Proud co-owner of IELTS), British Council (Platinum member), ETS TOEFL, Pearson Test of English

Founder, Director cum Chief Trainer
CHINTU M. RAJU
[MFSc(CIFT), MBA(UGC-NET), MA English, PGDTRM, PGDTM(XLRi)]

# GREAT RESULTS OF 2025

Thank you, dear Gartiens, for making 2025 an exceptional year of results at Success Garten!

## Garten IELTS

the most trusted offline & online IELTS brand in the market!

### Overall 8.5 Club

Garten IELTS – Pearl Club: total 13 Gartiens
Gartiens with a near impossible overall 8.5 band with an envious individual split up of minimum 7!

Alen Nelson Joseph, Puduppadi, Overall-8.5, L-9, R-9, W-7, S-8
Rozita Praveen, Bangalore, Overall-8.5, L-9, R-8.5, W-7.5, S-8

### Overall 8 Club

Garten IELTS – Ruby Club: total 180 Gartiens
Gartiens with an amazing overall 8 band with an envious individual split up of minimum 7!
Results of 2025 only

Overall 8

- Alaka Theres Babu, Kodenchery, Overall-8, L-8.5, R-8.5, W-7, S-7
- Albert Martin George, Thiruvambady, Overall-8, L-9, R-8, W-7, S-7
- Alenza George, Manassery, Overall-8, L-8.5, R-8.5, W-7, S-7
- Anjana Shaji, Mukkam, Overall-8, L-9, R-8.5, W-7, S-7.5
- Anwin Joseph, Thiruvambady, Overall-8, L-8, R-9, W-8, S-7
- Azzam Anwar, Mananthavady, Overall-8, L-8.5, R-8.5, W-7.5, S-8
- Mary Mathew, Iritty, Overall-8, L-8.5, R-8.5, W-7.5, S-7
- Nayana Alphonsa Mathew, Kannoth, Overall-8, L-8, R-8.5, W-7, S-7.5
- Neeraj Sathya, Thiruvambady, Overall-8, L-7.5, R-8, W-8, S-8
- Soniya George, Koombara, Overall-8, L-8, R-8.5, W-7, S-7.5

### Overall 7.5 Club

Garten IELTS - Sapphire Club: total 268 Gartiens
Gartiens with a fantastic overall 7.5 band with an envious individual split up of minimum 7!
Results of 2025 only

Overall 7.5

- Aiswarya Kuriakose, Thiruvambady, Overall-7.5, L-8, R-7.5, W-7, S-7.5
- Allan Johney, Anakkampoyil, Overall-7.5, L-8.5, R-7, W-7, S-7.5
- Arun Thomas, Kodenchery, Overall-7.5, L-8.5, R-7, W-7, S-8
- Irene Tessa, Mukkam, Overall-7.5, L-8, R-8.5, W-7, S-7
- Soniya George, Koombara, Overall-7.5, L-7.5, R-7.5, W-7.5, S-7

### Garten IELTS Opal Club

Overall 8 band Gartiens for academic purpose

Salima Nasrin, Meppadi, Overall-8, L-9, R-8.5, W-7, S-6.5
Santhwana Augustus, Kodenchery_ Overall-8_ L-9, R-9, W-7.5, S-6.5

## Garten OET

the most trusted offline & online OET brand in the market!

### Garten OET - Perfect B Club

- Ainstein P. David, Iritty, L-B, R-B, W-B, S-B
- Albert Joseph, Thiruvambady, L-B, R-B, W-B, S-B
- Anjali Ann George, Kalpetta, L-B, R-B, W-B, S-B
- Ashbin Boby, Anakkampoyil, L-B, R-B, W-B, S-B
- Bestina V.J., Mananthavady, L-B, R-B, W-B, S-B
- Bency Roy, Koodaranhi, L-B, R-B, W-B, S-B
- Chinju Merium Thomas, Nilambur, L-B, R-B, W-B, S-B
- Jabir T., Mananthavady, L-B, R-B, W-B, S-B
- Krishnendu A. K., Nadapuram, L-B, R-B, W-B, S-B
- Athul Aby, Pulpally, L-B, R-B, W-B, S-B

### Garten OET UK Club

- Silna Sebastian, Vellimadukunnu, L-B, R-B, W-C+, S-B

### Garten OET Ireland Club

- Emil Theres Sunil, Punnakkal, L-C+, R-B, W-B, S-B
- Fasla Ramshi M.P., Areecode, L-B, R-C+, W-B, S-B
- Sandramol Biju, Mananthavady, L-C+, R-B, W-B, S-B

## Garten PTE

the most trusted offline & online PTE brand in the market!

### Garten PTE Zenith Club (90/90)

- Abin Varghese, Kalpetta, Overall-90, L-90, R-90, S-90, W-84
- Aswin Nelson Joseph, Puduppadi, Overall-90, L-90, R-90, S-90, W-90

### Garten PTE - Pinnacle Club (+80/90)

- Anjana P. Soman, Kodenchery, Overall-85, L-85, R-75, S-90, W-90
- Annlin Ajish, Sulthan Bathery, Overall-83, L-81, R-73, S-90, W-83
- Criz Maria Wilson, Venappara, Overall-83, L-76, R-90, S-87, W-81
- Nia Elizabath Rony, Kasargodu, Overall-81, L-84, R-75, S-88, W-84
- Nishal Panoly, Nilambur, Overall-84, L-82, R-74, S-89, W-72
- Pranav Jose Jacob, Thiruvambady, Overall-86, L-80, R-84, S-90, W-70
- Anju Joy, Ernakulam, Overall-80, L-73, R-89, S-83, W-76
- Anusha K. Varghese, Nilambur, Overall-73, L-77, R-74, S-84, W-68
- Manu Mathew, Thiruvambady, Overall-88, L-90, R-90, S-90, W-82
- Nia Elizabath Rony, Kasargodu, Overall-81, L-84, R-75, S-88, W-84
- Savio Sibi, Chevayur, Overall-80, L-81, R-78, S-89, W-75
- Ann Jyothis, Pulpally, Overall-84, L-88, R-78, S-90, W-84
- Irine Augustine, Koorachund, Overall-82, L-82, R-71, S-85, W-71
- Chrystina Allien Xavier, Kalpetta, Overall-87, L-87, R-89, S-90, W-87
- Dr Haris C.M., Nilambur, Overall-85, L-72, R-80, S-84, W-71

### Garten PTE - Citadel Club (+70/90)

- Sandra Simon, Kuliramutty, Overall-70, L-72, R-66, S-81, W-70
- Adarsh James, Trivandrum, Overall-70, L-72, R-71, S-69, W-66
- Aldrin James, Nellipoyil, Overall-70, L-70, R-74, S-71, W-71
- Aleesha Abraham, Nilambur, Overall-71, L-69, R-74, S-76, W-70
- Alex Mathew, Alakode, Overall-73, L-77, R-68, S-77, W-72
- Shone Manoj Joseph, Kodenchery, Overall-71, L-80, R-74, S-67, W-80
- Alvina Theres Jose, Engapuzha, Overall-73, L-71, R-80, S-90, W-67
- Anjali Jiju, Calicut, Overall-73, L-68, R-79, S-81, W-69
- Annmariya Joseph, Anakkampoyil, Overall-75, L-78, R-71, S-90, W-66
- Ashams Roy, Thenjipalam, Overall-71, L-75, R-73, S-75, W-69
- Sooraj T. Surendran, Kottiyoor, Overall-71, L-67, R-78, S-76, W-65
- Ashin Tom Benny, Kannur, Overall-73, L-66, R-76, S-62, W-77
- Athulya Thankachan, Idukki, Overall-72, L-68, R-73, S-80, W-72
- Delwin George Manoj, Thiruvambady, Overall-70, L-67, R-73, S-76, W-68
- Jeeva Ann Mathew, Chempanoda, Overall-73, L-74, R-73, S-90, W-68
- Jis Tom Mathew, Nilambur, Overall-75, L-78, R-66, S-86, W-79
- Josna Joseph, Anakkampoyil, Overall-74, L-81, R-72, S-90, W-69
- Manjuna Baby, Thaliparamba, Overall-70, L-68, R-74, S-82, W-63
- Nevin Jose, Mananthavady, Overall-75, L-71, R-68, S-73,W-68
- Nubia George, Thiruvambady, Overall-79, L-71, R-71, S-82, W-73
- Bini T.S., Palakkad, Overall-75, L-71, R-67, S-73, W-78
- Noel T. Joseph, Manjeri, Overall-73, L-68, R-76, S-62, W-72
- Najla P. K., Thamarassery, Overall-74, L-72, R-71, S-71, W-74

Printed and Published by Fr. Benny Alex Karackatt on behalf of Diocese of Thamarassery and printed at Roshni Publications (P) Ltd, Calicut-12 and published at PMOC, Marikkunnu, Calicut-12. Editor: Fr. Roy Thekkumkattil